# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തരിയോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-828/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 17/10/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-828/2023 തീയ്യതി: 17/10/2023

## വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഖിലാമോഹൻ. കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2023 | 05-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2023 | 05-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ ശശീന്ദ്രൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. അലി അക്ബർ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽ ജോസ് ഡൊമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിബു. വി.ജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ലതിക. എം,ബി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിൻസെന്റ് ജോർജ്ജ് | മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീനാഥ്. ബി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. സ്മിതാ ഹരിശങ്കർ | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. സീന. കെ.എം | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.സിസിലി. എം.എം | ICDS സൂപ്പർവൈസർ | 01-04-2022 | 31-07-2022 |
| ശ്രീ.ടിന്റു കുര്യൻ | ICDS സൂപ്പർവൈസർ | 01-08-2022 | 31-03-2023 |
| ശ്രീ. ഗ്രീഷ്മ. എസ് | അസി.എഞ്ചിനിയർ | 01-04-2022 | 28-07-2022 |
| ശ്രീ.സംഗീത്. ആർ | അസി.എ്ഞ്ചിനിയർ | 29-07-2022 | 03-01-2023 |
| ശ്രീ. കെ.ബി.സുബാഷ് | അസി.എഞ്ചിനിയർ | 04-01-2023 | 05-03-2023 |
| ശ്രീ.ജോർജ്ജ്.കെ.ഇ | അസി.എഞ്ചിനിയർ | 06-03-2023 | 31-03-2023 |
| ശ്രീ. ഇമ്മാനുവൽ. കെ.സി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.റോസ് മേരി ജോസ് | വി.ഇ.ഒ | 01-04-2022 | 12-09-2022 |
| ശ്രീ.ജിനു ആന്റണി | വി.ഇ.ഒ | 13-09-2022 | 18-10-2022 |
| ശ്രീ. സുബാഷ്. എൻ.വി | വി.ഇ.ഒ | 19-10-2022 | 31-03-2023 |
| ശ്രീ.ജയരാജൻ. എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സരിത. എസ് | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-4 |
| 6 | BankReconciliation Statement ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-5 |
| 7 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ Other Registers രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-10 |
| 12 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ഡെപ്പോസിറ്റ് പ്രവർത്തിക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ധനമാനേജ്മെന്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-2-1 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം (ACR പ്രകാരം ) 2022-23 | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 | 1-6 |
| 20 | തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ | 1-7 |

| | | |
|---|---|---|
| | വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. | |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8-1 |
| 23 | സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്, | 1-9 |
| 24 | തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ താജ് റിസോർട്ടിന് നികുതി നിർണയിച്ചതിൽ സ്വിമ്മിങ്ങ് പൂളിന്റെ വിസ്തീർണം ഉൾപ്പെടുത്തിയില്ല- ഗ്രാമപഞ്ചായത്തിന് 10523 രൂപയുടെ നികുതി നഷ്ടം | 1-10 |
| 25 | ഡി.ടി.പി.സി ക്ക് കൈമാറിയ സ്ഥലത്തെ സംബന്ധിച്ച് കരാർ ചമയ്ക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-11 |
| 26 | ഗ്രാമപഞ്ചായത്ത് പരിധിയിലെ പല കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-12 |
| 27 | കെൽസ വെൽനസ് എന്ന കെട്ടിടത്തിന് നമ്പർ അനുവദിച്ചത് സംബന്ധിച്ച അസി.എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. | 1-13 |
| 28 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ | 1-14 |
| 29 | ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-15 |
| 30 | ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് ജോലികൾ നിർവ്വഹിച്ച കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 31 | കൃത്യതയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി,ലൈസൻസ് ഫീസ് എന്നീ വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിക്കുന്നില്ല. | 1-17 |
| 32 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 33 | ടാക്സ് ഓഡിറ്റ് | 1-19 |
| 34 | പൂരകപോഷകാഹാര പദ്ധതി - സർക്കാർ അനുമതിയില്ലാതെ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തി. | 1-20 |
| 35 | അംഗൺ വാടി അനുപൂരക പോഷകാഹാരം (ജനറൽ)-ബില്ലിലുള്ള മുഴുവൻ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. | 1-21 |
| 36 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-22 |
| 37 | കുമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ - അധികം തുക നൽകി | 1-23 |
| 38 | കുണ്ടിലങ്ങാടി അംഗൺവാടി വാട്ടർ കണക്ഷൻ -₹66,573.00 പാഴ്ചെലവ് | 1-24 |
| 39 | പ്രവർത്തിക്കാത്ത പകൽ വീടിന്റെ ടോയിലറ്റ് നവീകരിച്ചു - ₹ 1,04,189.00 തടസ്സപ്പെടുത്തുന്നു. | 1-25 |

| | | |
|---|---|---|
| 40 | കുമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല-₹ 8,52,507.00 തടസ്സത്തിൽ വെക്കുന്നു. | 1-26 |
| 41 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 42 | ക്രമീകരിക്കാത്ത അഡ്വാൻസ് തുക പലിശ സഹിതം ഈടാക്കേണ്ടതാണ് | 1-28 |
| 43 | മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് യഥാസമയം നീക്കം ചെയ്യാത്തതിനാൽ സർക്കാരിന് ധനനഷ്ടം സംഭവിക്കുന്നു. | 1-29 |
| 44 | പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിലെ പ്രത്യേക പദ്ധതികൾക്കുവേണ്ടി ലഭിച്ച കോർപ്പസ് ഫണ്ട് വിനിയോഗിക്കാതെ തിരിച്ചടച്ചു. | 1-30 |
| 45 | എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ പ്രൊജക്റ്റ്-അപാകതകൾ | 1-31 |
| 46 | കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ-പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തുക ₹ 19,17,500.00 തടസ്സത്തിൽ വെക്കുന്നു. | 1-32 |
| 47 | വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധനയിലൂടെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതാണ്. | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അംഗൺ വാടി അനുപൂരക പോഷകാഹാരം (ജനറൽ)-7,812/- രൂപയുടെ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. | 3-1 |
| 2 | കുമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ - 3174/- രൂപ അധികം തുക നൽകി | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statments | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 1/1 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തരിയോട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തരിയോട് ഗ്രാമ പഞ്ചായത്തിന്റെ 2022 – 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൽപ്പറ്റ
തീയതി: സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ ഒപ്പ്

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ,2011 , ചട്ടം 62 (എഫ്)).

## 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി1 ഷെഡ്യൂൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുക Net Cash Generated By Opreting+investing+Financing Activity (A+B+C) യുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഒരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ കഴിഞ്ഞാൽ അടുത്തമാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്(2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ,ചട്ടം 57). എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. 2022 -23 സാമ്പത്തിക വർഷത്തെ RP40(B) യിലെ താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബാങ്ക് / ട്രഷറി യുടെ പേര് - തുക | അക്കൌണ്ട് നമ്പർ |
|---|---|---|
| 1 | Co-Op Bank Account Of Own Revenue Fund - 3520 | - |
| 2 | Sub Treasury Vythiri - 0 | 000142 |

### 1-1-5 BankReconciliation Statement ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

State Bank Of India ബാങ്കിലെ അക്കൗണ്ടിൽ(നം. 37010717772) Directly Debited By Bank എന്ന ഇനത്തിൽ ₹30,468/- രൂപയുണ്ട് . ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

### 1-1-6 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

(A)State Bank Of India ബാങ്കിലെ അക്കൗണ്ടിൽ(നം. 37010717772) Cheque Deposited Not Cleared എന്ന ഇനത്തിൽ 161239.00 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. 2023 ഏപ്രിൽ മുതൽ ടി അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ നടത്തിയിട്ടില്ല. ആയതിനാൽ ടി ചെക്കുകൾ പണമായി മാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

(B)കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിൽ(നം.40123101029668) Cheque Deposited Not Cleared എന്ന ഇനത്തിൽ ₹94,333/- രൂപ രൂപയുണ്ട്.2023 ഏപ്രിൽ മുതൽ ടി അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ നടത്തിയിട്ടില്ല. ആയതിനാൽ ടി ചെക്കുകൾ പണമായി മാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

### 1-1-7 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം(₹) | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|---|
| 1 | തൊഴിൽ നികുതി - ജീവനക്കാർ വരവ് | 944790 | 974540 | 29750 |
| 2 | വസ്തു നികുതി - ഡിമാന്റ് | 54,29,058 | 54,45,971 | 16913 |
| 3 | വസ്തു നികുതി - കളക്ഷൻ | 54,17,230 | 54,45,971 | 28741 |

### 1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ Other Registers രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്താത്തതിനാൽ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താനാകുന്നില്ല

1.സ്റ്റോക്ക് രജിസ്റ്റർ

2.അഡ്വാൻസ് രജിസ്റ്റർ

4.ലോൺ രജിസ്റ്റർ

5.ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

### 1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

വസ്തുനികുതി - Prior Period Income.

### 1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1) ബി-4 ഷെഡ്യൂൾ പ്രകാരം Literacy Grant എന്ന ഹെഡിൽ ₹872/- രൂപയുണ്ട്. എന്നാൽ B-17 ഷെഡ്യൂളിൽ ടി ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നീക്കിബാക്കി പൂജ്യമാണ്.

2)ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടോട്ടൽ സാനിറ്റേഷൻ, ഐ.സി.ഡി.എസ്., ശുചിത്വ മിഷൻ , WGDP, Fund From ITDP , Funds For Specific Purpose തുടങ്ങിയ ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൌണ്ടുകളിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

3)സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി വിഹിതമായി ലഭിച്ച തുകയിൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ₹ 11,87,940.00ബാക്കിയുണ്ട് (ജില്ലാ പഞ്ചായത്ത് - ₹ 7,24,105.00 & ബ്ലോക്ക് പഞ്ചായത്ത് - ₹ 4,63,835.00). എന്നാൽ, സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് പൂജ്യം ആണ്.ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി തൻവർഷം ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

### 1-1-12 ഡെപ്പോസിറ്റ് പ്രവർത്തിക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല

ഡെപ്പോസിറ്റ് പ്രവർത്തിയിനത്തിൽ 2021- 22, 2022 – 23 വർഷത്തിൽ കുടിവെള്ള പ്രോജക്ട് ചെലവിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക 38,00,000/- രൂപയുടെ വിവരം ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22-23/02.09.2023 ) മറുപടി ഹാജരാക്കിയിട്ടില്ല. മറുപടി ഹാജരാക്കേണ്ടതാണ്.

## 1-2 ബജറ്റ്

തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 31.03.2022 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| | | പുതുക്കിയത് |
|---|---|---|
| മുന്നിരിപ്പ് | 18,895,508 | 4,46,48,542 |
| വരവ് | 150,607,419 | 18,36,77,000 |
| ആകെ | 169,502,927 | 22,83,25,542 |
| ചെലവ് | 124,854,385 | 22,65,16,542 |
| നീക്കിബാക്കി | 44,648,542 | 18,09,000 |

### 1-2-1 ധനമാനേജ്മെന്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ബജറ്റ് 31-03--2022 ന് പാസാക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ അടുത്ത ഒരു വർഷത്തെ ആസൂത്രണ പ്രക്രിയ തയ്യാറാക്കുന്നതിനുള്ള ആധികാരിക രേഖയാണ് ബജറ്റ്. പ്രതീക്ഷിത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിലും തൻവർഷത്തെ വരവ് ചെലവുകളുടെ പ്രതീക്ഷിത കണക്കുകളുടെ അടിസ്ഥാനത്തിലുമാവണം ബജറ്റ് തയ്യാറാക്കാൻ. ബജറ്റ് തയ്യാറാക്കേണ്ടുന്നത് സംബന്ധിച്ച് ബജറ്റ് മാന്വലിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

സ.ഉ (ആർ.ടി) നം. 3291 /2016 /തസ്വഭവ തീയതി 02-12-16 പ്രകാരം ബജറ്റ് രൂപീകരണത്തിന്റെ വിശദവിവരങ്ങളടങ്ങിയ ധനമാനേജ്മെന്റ് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയത് എന്നത് വ്യക്തമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ബജറ്റ് പാസാക്കിയിട്ടുണ്ട് എന്നതിലപ്പുറം ബജറ്റ് തയ്യാറാക്കിയത് സംബന്ധിച്ച മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെടുകയും . ഘടകസ്ഥാപനമേധാവികളുടെ യോഗം വിളിക്കുകയും ചെയ്തിട്ടുണ്ട്. ,വിവിധ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

സ.ഉ (ആർ.ടി) നം. 3291 /2016 /തസ്വഭവ തീയതി 02-12-16 പ്രകാരം ബജറ്റ് രൂപീകരണത്തിന്റെ വിശദവിവരങ്ങളടങ്ങിയ ധനമാനേജ്മെന്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തീക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,22,81,098 |
| വരവ് | 4,10,60,299 |
| ആകെ | 6,33,41,397 |
| ചെലവ് | 36,702,084 |
| നീക്കിയിരിപ്പ് | 2,66,39,313 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം ) 2022-23

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | - | 1,32,82,834.00 | | - 1,17,69,040.00 | 15,13,794.00 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 3,81,251.00 | | 3,47,710.00 | 33,541.00 |
| വികസന ഫണ്ട്-ടി.എസ്.പി | - | 49,45,990.00 | | 48,99,872.00 | 46,118.00 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 59,67,000.00 | - | - | 59,67,000.00 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 45,70,000.00 | | 39,68,541.00 | 6,01,459.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(TIED) (ACR പ്രകാരം) | - | 53,19,601.00 | | 27,56,046.00 | 25,63,555.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(UN TIED) (ACR പ്രകാരം) | - | 27,98,644.00 | | 1,99,644.00 | 25,99,000.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 12185 | 78,34,532.00 | 78,46,717.00 | 78,46,717.00 | 0.00 |

ACR പ്രകാരമുള്ള ചെലവ് വാർഷിക കണക്കുകമായും, സുലേഖ ചെലവ് പത്രികയുമായും പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയതിൽ ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയതിൽ പൂർത്തീകിച്ച പ്രോജക്ടുകളുടെ (എണ്ണം) | നടപ്പാക്കാത്ത പദ്ധതികൾ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 133 | 7,19,33,148 | 91 | 38382259 | 45 | 46 | 42 | 68.42 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 4 | 29,12,575 | 22,92,223 | 78.7 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 10,25,000 | 6,13,072 | 59.8 |
| മെഡിക്കൽ ഓഫീസർ(CHC) | 6 | 4 | 32,23,320 | 9,51,473 | 29.5 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(Homoeo) | 2 | 2 | 4,50,000 | 4,08,333 | 90.7 |
| മെഡിക്കൽ ഓഫീസർ(Ayurveda) | 4 | 4 | 11,50,000 | 8,60,000 | 74.7 |
| ഫിഷറീസ് ഇൻസ്പെക്ടർ | 2 | 2 | 6,61,638 | 1,15,238 | 17.4 |
| വി.ഇ.ഒ | 15 | 14 | 2,11,64,104 | 1,15,84,182 | 54.7 |
| ICDS സൂപ്പർവൈസർ | 9 | 8 | 49,49,650 | 36,08,025 | 62.3 |
| സെക്രട്ടറി | 28 | 24 | 1,27,92,671 | 94,71,114 | 58.2 |
| അസി.എഞ്ചിനീയർ | 45 | 18 | 1,71,33,347 | 47,04,617 | 27.4 |
| ഹെഡ്മാസ്റ്റർ | 7 | 6 | 28,33,243 | 14,78,052 | 52.1 |
| ടി.ഇ.ഒ | 2 | 1 | 6,20,800 | 3,49,965 | 56.30 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 23,96,000 | 15,96,000 | 48.45 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 6,20,800 | 3,49,965 | 56.37 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23

| ഇനം | മുന്നിരിപ്പ് | വരവ്(പലിശ ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 131587 | 1669745 | 1801332 | 1766785 | 34547 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 30872614 | 30872614 | 30872614 | 0 |
| മെറ്റീരിയൽസ് | | 8284000 | 8284000 | 8284000 | 0 |

Note- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ളതാണ് പ്രസ്തുത കണക്ക് ഈ തുകയും ILGMS പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല.

## 1-7 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2193800 | 232 |
| വിധവാപെൻഷൻ | 4502200 | 434 |
| വാർദ്ധക്യകാലപെൻഷൻ | 8643400 | 907 |
| വികലാംഗപെൻഷൻ | 1364200 | 130 |
| വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം | ഇല്ല | ഇല്ല |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1,72,800 | (ലഭ്യമല്ല) |

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. റജിസ്റ്ററുകളും രേഖകളും കുറച്ച് കൂടി കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതിനടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ടിൽ പദ്ധതിയുടെ പൂർണ്ണമായ വിലയിരുത്തൽ നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റിന്നാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിൽ വിവിധ സെക്ഷനുകളിലെ ബന്ധപ്പെട്ട ജീവനക്കാർ പൂർണ്ണമായും സഹകരിച്ചിട്ടുണ്ട്. നിർവ്വഹ ഉദ്യോഗസ്ഥരും സമയബന്ധിതമായി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു, ഓഫീസ് പ്രവർത്തനങ്ങളും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-8-1 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04/09/2023 തീയതിയിൽ 12:33 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18017- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്,

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി. ഓഡിറ്റ് കാലയളിൽ നടത്തിയ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലെ വിവരങ്ങൾ അനുസരിച്ചാണ് പരിശോധിച്ചത്.എന്നാൽ മിനുട്സിൽ രേഖപ്പെടുത്തിയത് പ്രകാരം സാധാരണയിൽ സ്റ്റാന്റിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും ചേർന്നാലുള്ള നടപടി വിവരങ്ങൾ മാത്രമാണ് മിനുട്സിൽ രേഖപ്പെടുത്തി കാണുന്നത്. ആസൂത്രണപ്രക്രിയയിൽ സുപ്രധാനമായ സ്ഥാനമാണ് വർക്കിംഗ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിംഗ് കമ്മറ്റികൾക്കുമുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗമായി ധനവിനിയോഗം, ബജറ്റ്, ഫീസുകൾ വരവുകൾ എന്നിവയുടെ നിർണ്ണയം, പിരിച്ചെടുക്കലും പരിശോധനയും, പ്രതിമാസ പിരിവ് കുടിശ്ശിക അവലോകനം . വികസന സ്റ്റാന്റിംഗ് കമറ്റിയ്ക്കാവട്ടെ കൃഷി, കന്നുകലി വളർത്തൽ, ജലസേചനം, മത്സ്യകൃഷി, സാമൂഹിക വനവത്കരണം, ചെറുകിട കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പരമ്പരാഗത തൊഴിൽ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഊർജ്ജസംരക്ഷണം, പബ്ലിക്ക് വർക്ക്, ജലവിതരണം .ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിക്ക് പൊതുജന ആരോഗ്യം, ശുചിത്വം, കുടിവെള്ളം, ഓവുചാലുകൾ, പരിസ്ഥിതി, വിദ്യാഭ്യാസം, കല, സംസ്കാരം, വിനോദം . ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റിക്കാവട്ടെ പട്ടിക ജാതി, പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷ, ചേരി പരിഷ്കരണം, ദാരിദ്ര ലഘൂകരണം, പൊതുവിതരണ സമ്പ്രദായം എന്നീ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാണ്ടേതായിട്ടുണ്ട്. ഇതിനു പുറമെ അംഗീകരിച്ച പദ്ധതികളിൽ ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിക്കുക, ഓരോ മേഖലയിലുമുള്ള പ്രൊജക്ടുകൾ സമയബന്ധിതമായും ഫലപ്രഥമായും പൂർത്തിയാക്കുന്നതിന് മേൽ നോട്ടം വഹിക്കുക, പ്രൊജക്ടുകളുടെ പ്രവർത്തനകലണ്ടർ തയ്യാറാക്കുക, മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാനുണ്ട്.വർക്കിംഗ് ഗ്രൂപ്പുകൾക്കാവട്ടെ പദ്ധതി രൂപീകരണത്തിന് പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് ആസൂത്രണ പ്രകൃയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക. ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി അവസ്ഥാരേഖ പരിഷ്കരിക്കുക, ഗ്രാമസഭാ, വാർഡ്സഭ, ഊരുകൂട്ടം എന്നിവയിലെ ചർച്ചകൾക്ക് നേതൃത്വം വഹിക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങളുമുണ്ട്.എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സുകൾ പരിശോധിച്ചതിൽ ഔപചാരികമായ യോഗ നടപടി വിവരങ്ങൾ ചേർത്തുവന്നിട്ടുണ്ട് എന്നതിലുപരി സ്റ്റാൻറിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്ന വിധത്തിലുള്ള യാതൊരു വിവരവും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായ ചർച്ചകളോ, സംവാദങ്ങളോ, തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്മിനുട്സ് പരിശോധിച്ചതിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗങ്ങളുടെ പങ്കാളിത്തം വളരെ കുറവായാണ് പൂർണ്ണ അംഗങ്ങൾ പങ്കെടുത്ത ഒരു വർക്കിംഗ് ഗ്രൂപ്പ് യോഗം പോലും ചേർന്നതായി മിനുട്സിലെ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാണുവാൻ സാധിച്ചില്ല.പദ്ധതി ആസൂത്രണത്തിലും. നിർവ്വഹണത്തിലും. മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 1-10 തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ താജ് റിസോർട്ടിന് നികുതി നിർണയിച്ചതിൽ സ്വീമ്മിങ്ങ് പൂളിന്റെ വിസ്തീർണം ഉൾപ്പെടുത്തിയില്ല-ഗ്രാമപഞ്ചായത്തിന് 10523 രൂപയുടെ നികുതി നഷ്ടം

തരിയോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താജ് റിസോർട്ടിന്റെ നികുതി നിർണയവുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.റിസോർട്ടിലെ 4 പൂൾ കോട്ടേജുകളോടനുബന്ധിച്ചുള്ള 5.20*3.20 ച.മീ വിസ്തീർണം വരുന്ന നീന്തൽക്കുളങ്ങളും.റെസിഡൻഷ്യൽ പൂൾ വില്ലയുടെ 8.20*3.20 ച.മീ വിസ്തീർണം വരുന്ന നീന്തൽക്കുളവും നികുതി നിർണയത്തിനായി പരിഗണിച്ചിട്ടില്ല.

നികുതി നിർണയത്തിനായി പരിഗണിക്കാത്ത ആകെ വിസ്തീർണം-5.20*3.20*4+8.20*3.20=92.8ച.മീ

മേൽ അപാകത മൂലമുള്ള നികുതി നഷ്ടം താഴെ പറയും പ്രകാരം കണക്കാക്കാവുന്നതാണ്

92.8*90=8352 (റിസോർട്ടുകളുടെ നികുതി നിരക്ക്-90)

നികുതിയിനത്തിലുള്ള വർദ്ധന-20 ശതമാനം (കെട്ടിടത്തിന്റെ മേൽക്കൂര-10 ശതമാനം+കെട്ടിടത്തിന്റെ തറ നിർമിതി-10 ശതമാനം)-1670

ആകെ നികുതി=10022

ലൈബ്രറി സെസ്സ്(5 ശതമാനം)=501

നികുതിയിനത്തിലുള്ള പ്രതിവർഷ നഷ്ടം=10022+501=10523

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടം 3(3) പ്രകാരം കെട്ടിടത്തിനോടനുബന്ധിച്ച് സ്വിമ്മിങ്ങ് പൂൾ ഉണ്ടെങ്കിൽ ആയതിന്റെ തറ വിസ്തീർണം കെട്ടിടത്തിന്റെ തറവിസ്തീർണത്തൊട് ചേർത്താണ് നികുതി നിർണയിക്കേണ്ടത്. സ്വിമ്മിങ്ങ് പൂളിന്റെ വിസ്തീർണം കണക്കാക്കാതെ നികുതി നിർണയിച്ചത് വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 02/09/2023 തീയതിയിലെ 10/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മേൽ അപാകത സംബന്ധിച്ച് പരിശോധന നടത്തുന്നതിന് അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും.പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.നികുതിയിനത്തിൽ നഷ്ടമായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 ഡി.ടി.പി.സി ക്ക് കൈമാറിയ സ്ഥലത്തെ സംബന്ധിച്ച് കരാർ ചമയ്ക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തരിയോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കർളാട് തടാകത്തോട് ചേർന്ന സ്ഥലം ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിനായി 31-07-1999 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 220/ 99 തീരുമാനപ്രകാരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിരുന്നു .1999 മുതൽ നാളിതുവരെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പ്രസ്തുത ഭൂമി കൈവശം വച്ചും, കെട്ടിടങ്ങൾ നിർമ്മിച്ചും വിനോദ പ്രവർത്തനങ്ങൾ നടത്തിയും വരുമാനം ഉണ്ടാക്കിവരുന്നു. എന്നാൽ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യോഴിയലും) ചട്ട പ്രകാരമുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആവർത്തിച്ചുള്ള ആവശ്യപ്പെടലിനെ തുടർന്ന് പ്രസ്തുത സ്ഥലത്തുള്ള ടൂറിസം പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനയിനത്തിൽ ഇതുവരെയായി ₹ 24,72,336 രൂപഡി.ടി.പി.സി ഗ്രാമപഞ്ചായത്തിന് കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തും ഡി.ടി.പി.സി യുമായി ഭൂമിയുടെ കൈമാറ്റം സംബന്ധിച്ചോ, വരുമാനം ഷെയർ ചെയ്യുന്നത് സംബന്ധിച്ചോ എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കൈയോഴിക്കലും ചട്ടങ്ങൾ അനുസരിച്ചുള്ള എഗ്രിമെന്റിന് ഡി.ടി.പി.സി തയ്യാറാകുന്നില്ല എന്നാണ് ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്.എഗ്രിമെന്റിൽ ഏർപ്പെടുന്നതിനായി പലതവണ ഗ്രാമപഞ്ചായത്ത് അധികൃതരും ഡി.ടി.പി.സി അധികൃതരും ചർച്ച ചെയ്തിട്ടും തുടർ നടപടികൾ ഉണ്ടായിട്ടില്ല, പ്രസ്തുത സാഹചര്യത്തിൽ ഡി.ടി.പി.സി അനധികൃതമായി കൈവശം വെച്ചുവരുന്ന ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിപ്പിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 5-08-2022 ലെ ഭരണ സമിതി യോഗം തീരുമാനം 1 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് താഴെ പറയുന്ന വസ്തുതകൾക്ക് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് (നമ്പർ 3 /2022- 2023 തീയതി :22/08/2023 ) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. 31-7-1999 ലെ ഭരണസമിതി തീരുമാനം 220 /99 പ്രകാരമാണ് ഗ്രാമപഞ്ചായത്ത് ഭൂമി ഡി.ടി.പി.സിക്ക് കൈമാറാൻ തീരുമാനമെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിധമുള്ള കൈമാറ്റം പാട്ട വ്യവസ്ഥയിലാണോ ചെയ്തിട്ടുള്ളത്. ഈ കൈമാറ്റത്തിന് കരാർ വ്യവസ്ഥകൾ നിശ്ചയിച്ച് ഇരു വിഭാഗവും അംഗീകരിച്ചിട്ടുണ്ടോ.

2. ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയാണോ ഡി.ടി.പി.സി ക്ക് കൈമാറിട്ടുള്ളത്.

3. ഡി.ടി.പി.സി പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിധം കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ടോ.

4. ഡി.ടി.പി.സി ഗ്രാമപഞ്ചായത്തിന് വരുമാന വിഹിതമിനത്തിൽ ₹ 24,72,336 കൈമാറിയതായി പറയുന്നു. ഈ വിധം വരുമാനം ഷെയർ ചെയ്യേണ്ടുന്ന വ്യവസ്ഥ കരാർ ആയി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ. എങ്കിൽ എത്ര ശതമാനമാണ് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടത്. ഈ കൈമാറിയ തുക ഏത് കാലയളവിലേതാണ്. എപ്പോഴാണ് ലഭിച്ചത്.

5. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെ ഡി.ടി.പി.സി യുടെ കൈവശമുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള നിയമപരമായ സാധ്യത സംബന്ധിച്ച് നിയമോപദേശം വാങ്ങിയിട്ടുണ്ടോ.

6. നിലവിൽ ഈ ഭൂമിയുടെ ഭൂനികുതി ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ടോ ഉണ്ടെങ്കിൽ 2022-23 വർഷത്തിൽ ഒടുക്കിയ നികുതി റസീത് പകർപ്പ് ലഭ്യമാക്കുക.

7. 5-08-2022 ലെ ഭരണസമിതി തീരുമാനപ്രകാരം ഭൂമി ഒഴിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ.

എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. 5-9-2023 ഓഡിറ്റ് ടീം പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ ഡി.ടി.പി.സി യുടെ നേതൃത്വത്തിലുള്ള ടൂറിസം പ്രവർത്തനങ്ങൾ അവിടെ നടന്നുവരുന്നതായും. ടൂറിസം പ്രമോഷന് സഹായകമായ സംവിധാനങ്ങൾ ഏർപ്പെടുത്തി പ്രവേശന ടിക്കറ്റ് വച്ചും, തടാകത്തിലൂടെ ചാർജ്ജ് ഈടാക്കിയുള്ള ബോട്ടിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നതായി കാണുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെ സ്ഥലം

കൃത്യമായ കരാർ ഉണ്ടാക്കാതെ ഡി.ടി.പി.സി ക്ക് കൈമാറിയതാണ് ഈ സാഹചര്യം ഉണ്ടാക്കിയിട്ടുള്ളത്. ആയതിനാൽരണ്ട് സർക്കാർ സംവിധാനത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ ഈ വിഷയത്തിൽ ആവശ്യമായ ഇടപെടലുകൾ സർക്കാർ തലത്തിൽ അറിയിച്ച് സ്വീകരിക്കേണ്ടതും ഡി.ടി.പി.സി ക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥലത്തെ സംബന്ധിച്ച് കൃത്യമായ കരാർവ്യവസ്ഥകൾ ഉൾപ്പെടുന്ന എഗ്രിമെന്റ് തയ്യാറാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് ആന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. മാത്രവുമല്ല D.T.P.C യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടൂറിസം ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-12 ഗ്രാമപഞ്ചായത്ത് പരിധിയിലെ പല കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ചില കെട്ടിടങ്ങൾക്ക് നികുതിയിളവുകൾക്കൊന്നും തന്നെ അർഹതയില്ലാതിരുന്നിട്ടും 0 രൂപയാണ് സഞ്ചയസോഫ്റ്റ്‌വെയറിൽ നികുതിയായി നിലവിലുള്ളത്. മേൽ കെട്ടിങ്ങളുടെ A.R.V പ്രകാരമുള്ള നികുതി 0 രൂപയായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിനാൽ നിലവിലും നികുതി 0 രൂപയായി തന്നെ തുടരുകയാണ്. കൂടാതെ നാളിതുവരേ കെട്ടിടഉടമകളിൽ നിന്ന് നികുതി ഡിമാന്റ് 0 രൂപയായതിനാൽ നികുതിയൊന്നും ഈടാക്കിയതായും കാണുന്നില്ല.ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ അസ്സസ്മെന്റ് വിവരങ്ങൾ പരിശോധിച്ചിതിൽ നിന്നും താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്ന് നികുതി ഈടാക്കിയതായി കാണുന്നില്ല.

| സി.നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടത്തിന്റെ വിസ്തീർണം |
|---|---|---|---|---|
| 1 | 5/108 | കുഞ്ഞബ്ദുള്ള,ഒല്ലാച്ചേരി,,ചെന്നലോട്,673121 | പാർപ്പിടാവശ്യം | 62.4 |
| 2 | 5/113 | തങ്കമ്മ,ചേലക്കാപ്പള്ളി,,ചെന്നലോട്,673121 | പാർപ്പിടാവശ്യം | 67.8 |
| 3 | 5/151 | എം.എസ് ജോർജ്ജ്,മുത്തോലിക്കൽ, | പാർപ്പിടാവശ്യം | 147 |
| 4 | 5/219 | വികാരി,സെൻറ് സെബാസ്റ്റ്യൻ ചർച്ച്,,ചെന്നലോട്,673121,, | പാർപ്പിടാവശ്യം | 255 |
| 5 | 5/319 | രാമൻകുട്ടി,പാറകടിയിൽ,,ചെന്നലോട്,673121, | പാർപ്പിടാവശ്യം | 64.17 |
| 6 | 5/301 | രാജൻ ,മഠത്തുവയൽ,,ചെന്നലോട്,673121 | പാർപ്പിടാവശ്യം | 79 |
| 7 | 9/357 | രത്നാകരൻ,കടവത്ത് പുരയിൽ,കണ്ണൂർ | പാർപ്പിടാവശ്യം | 66.12 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിട ഉടമകളിൽ നിന്ന് നികുതി ഈടാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനും A.R.V പ്രകാരമുള്ള നികുതി എത്രയാണെന്ന് വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ 01.09.2023 തീയതിയിലെ 9/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഓഡിറ്റ് അന്വേഷണത്തിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.മേൽ മറുപടി തൃപ്തികരമല്ല.മുകളിൽ സൂചിപ്പിച്ചിട്ടുള്ളത് ഏതാനം ഉദ്ദാഹരണങ്ങൾ മാത്രമാണ്. ഗ്രാമപഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പൂർണമായും പരിശോധിച്ച് ഇപ്രകാരം നികുതി നിർണയിക്കാതെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-13 കെൽസ വെൽനസ് എന്ന കെട്ടിടത്തിന് നമ്പർ അനുവദിച്ചത് സംബന്ധിച്ച അസി.എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

തരിയോട് ഗ്രാമപഞ്ചായത്തിൽ മുഹമ്മദ് ഷിഹാബ് ഇ.എസ് എന്നിവർക്ക് ഒന്നാം വാർഡിൽ 135 സി മുതൽ 135 എച്ച് വരേയുള്ള നമ്പറുകളിൽ ഒരു കെട്ടിടത്തിന് അനുമതി നൽകിയിട്ടുണ്ട്. തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.02.2023 തീയതിയിലെ എസ്.സി13-3620/2022 നമ്പർ ഉത്തരവ് പ്രകാരമാണ് മേൽ കെട്ടിടത്തിന് നമ്പർ നൽകിയിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ 25558/2021 നമ്പർ ഉത്തരവിൽ സെക്രട്ടറിയ്ക്ക് സൈറ്റ് പരിശോധിച്ച് കെട്ടിടത്തിന്റെ ഉയരം 10 മീറ്ററിൽ താഴെയാണെങ്കിൽ ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണെന്നും ദുരന്തനിവാരണ അതോറിറ്റിയുടെ ഉത്തരവിന് കാത്ത് നിൽക്കേണ്ടതില്ലെന്നും വ്യക്തമാക്കിയിരുന്നു.

ഫയൽ നോട്ടിൽ രേഖപ്പെടുത്തിയത് പ്രകാരം പ്രസ്തുത കെട്ടിടം പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഉയരം 9.9

മീറ്ററാണെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതിന്റെയും കെട്ടിടത്തിന്റെ ഉയരം സംബന്ധിച്ച സ്പഷ്ടീകരണത്തിന് മറുപടി ലഭിക്കാത്തതിനാലും ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെ മാനിച്ചു കൊണ്ട് കോടതി ഉത്തരവുകളോ മേൽ ഓഫീസുകളിൽ നിന്നുള്ള എന്തെങ്കിലും ഉത്തരവുകളൊ ലഭ്യമാകുന്ന പക്ഷം മേൽ ഉത്തരവുകൾക്കനുസരിച്ച് കെട്ടിട നമ്പർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന നിബന്ധനയോടെ ക്രമവൽക്കരണം അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് താഴെപറയുന്ന വസ്തുതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് 05/09/2023 തീയതിയിലെ 29/2022-23 നമ്പർ ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയതിട്ടില്ല.

എ) മേൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചുകൊണ്ടുള്ള വിവരങ്ങൾ സംബന്ധിച്ച് നോട്ട് ഫയലുകൾ പരിശോധിച്ചതിൽ നിന്നും 21/12/2021ാം തീയതി അസി.എഞ്ചിനീയർ കെട്ടിട നിർമാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് നിർമാണം നടത്തിയിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതു പ്രകാരം വിവിധ ന്യൂനതകൾ ചൂണ്ടികാണിച്ചിട്ടുമുണ്ടായിരുന്നു. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് 21/12/2021ാം തീയതി കത്ത് നൽകിയിട്ടുണ്ട്.മേൽ ന്യൂനതകൾ പരിഹരിച്ചതായി 23/12/2021 തീയതിയിലെ കത്ത് പ്രകാരം കെട്ടിട ഉടമ അറിയിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ പരിഹരിച്ചതായി പറയുന്ന ന്യൂനതകൾ സംബന്ധിച്ച സാങ്കേതിക വിഭാഗത്തിന്റെ തുടർപരിശോധന റിപ്പോർട്ട് ഫയലിൽ കാണുന്നില്ല. നമ്പർ നൽകിയ കെട്ടിടത്തിന്റെ ഉയരം മാത്രം അളക്കുന്നതിന് സാങ്കേതിക വിഭാഗത്തിന് ഫയൽ കൈമാറിയതായി മാത്രമാണ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 27.12.2021ാം തീയതി ന്യൂനത പരിഹരിച്ചതായി ബോധ്യപ്പെട്ടതായി സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും. ക്രമവൽക്കരണ അപേക്ഷ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കെട്ടിട നിർമാണം സംബന്ധിച്ച് എഞ്ചിനീയറിങ് വിഭാഗം റിപ്പോർട്ട് ചെയ്ത ന്യൂനതകൾ കെട്ടിട ഉടമ പരിഹരിച്ചത് എഞ്ചിനീയറിങ് വിഭാഗം തുടർപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ബി) മേൽ കെട്ടിടത്തിന്റെ ഉയരം സംബന്ധിച്ച് സാങ്കേതിക വിഭാഗത്തിന് ഫയൽ കൈമാറിയതിൽ 27.12.2021ാം തീയതി അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് 4 നിലകളുള്ള കെട്ടിടത്തിന്റെ ഒരു നില മണ്ണ് ഫില്ല് ചെയ്തിട്ടുണ്ടെന്നും.മണ്ണ് ഫില്ല് ചെയ്ത ലെവലിൽ നിന്നും പാരപ്പറ്റ് ഒഴികെയുള്ള 9.90 മീറ്ററാണ് ഉയരമെന്നും. DDMA യുടെ ഉത്തരവ് പ്രകാരം താഴ്ന്ന ഭൂനിരപ്പിൽ നിന്നുള്ള ബിൽഡിങ്ങിന്റെ ഉയരമാണ് പരിഗണിക്കേണ്ടതെന്നും മണ്ണ് ഫില്ല് ചെയ്ത് ഉയരം ക്രമീകരിച്ചത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുന്നത് ഉചിതമായിരിക്കും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.മേൽ വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സി) മേൽ സ്ഥലത്ത് ഏതെങ്കിലും അനധികൃത നിർമ്മാണം നടന്നിട്ടുണ്ടൊയെന്ന് പരിശോധന നടത്തുകയോ, തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഡി) ഒന്നാം വാർഡിൽ 135 സി മുതൽ 135 എച്ച് വരേയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി സ്വീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ

തരിയോട് ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) 21(1) ാം ചട്ട പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തേക്കോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒരാവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുകയാണെങ്കിൽ ഒഴിഞ്ഞ് കിടക്കുന്ന ദിവസങ്ങൾക്കാനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിയ്ക്ക് ഇളവ് ചെയ്ത് നൽകാവുന്നതാണ്.

ചട്ടം 21(2എ) പ്രകാരം കെട്ടിട ഉടമയോ അയാളുടെ ഏജന്റോ മേൽ കെട്ടിടം ഒഴിഞ്ഞ് കിടക്കുകയാണെന്നോ അല്ലെങ്കിൽ ഏത് ദിവസം മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ സെക്രട്ടറിയെ നോട്ടീസ് മുഖേന അറിയിക്കേണ്ടതാണ്.മേൽ നോട്ടീസ് നൽകാത്ത പക്ഷം നികുതി ഒഴിവാക്കി നൽകാൻ പാടില്ലാത്തതാണ്.നികുതി ഇളവ് ചെയ്ത് ലഭിക്കേണ്ട കാലം കണക്കാക്കേണ്ടത് സെക്രട്ടറിക്ക് നികുതിയിളവിനായി അപേക്ഷ നൽകിയ തീയതി , കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി ഇതിൽ ഏത് തീയതി അവസാനം വരുന്നു, ആ തീയതി മുതൽക്കാണ്. എന്നാൽ മേൽ നിയമത്തിന് വിരുദ്ധമായി താഴെപറയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകുന്നതായി കാണുന്നു.

| സി. നം | കെട്ടിട നം | ഉടമയുടെ പേര് | നികുതിയിളവിനായി | നികുതിയിളവ് നൽകിയ | നികുതിയിളവായി | നികുതിയിളവ് | നികുതിയിളവ് | ഗ്രാമപഞ്ചായത്തിനു- | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|

| | | | നൽകിയ നോട്ടീസിന്റെ നമ്പറും തീയതിയും | കാലഘട്ടം | നൽകിയ തുക | നൽകേണ്ടിയിരുന്ന കാലഘട്ടം | നൽകേ-ണ്ടിയിരുന്ന തുക | ഉണ്ടായ നഷ്ടം | |
|---|---|---|---|---|---|---|---|---|---|
| 1 | 9/22 B | ബേബി പി,കെ പുതുപറമ്പിൽ | Sc3-2607/22 / 01.08.2022 | 01/04/2022-30/09/2022 | 392 | 01/08/2022-30/09/202 | 131 | 261 | നികുതി-യിളവിനായി നോട്ടീസ് നൽകിയ തീയതി 01.08.2022 ആണ്. |
| 2 | 9/22 B1 | | | | 471 | | 157 | 314 | |
| 3 | 9/22 B2 | | | | 471 | | 157 | 314 | |
| 4 | 9/22 C | | | | 330 | | 110 | 220 | |
| | ആകെ | | | | 1664 | | 555 | 1109 | |

മുകളിൽ സൂചിപ്പിച്ച പ്രകാരം കെട്ടിടത്തിന് ക്രമവിരുദ്ധമായി നികുതിയിളവ് നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 04/09/2023 തീയതിയിലെ 15/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗ്രാമപഞ്ചായത്തിന് വസ്തു നികുതയിനത്തിലുണ്ടായ നഷ്ടത്തുക കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചറിയിക്കേണ്ടതും അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

തരിയോട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

എ) 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ഈടാക്കിയ ട്രേഡ്സ്/ഇൻസ്റ്റിറ്റ്യൂഷൻ തൊഴിൽ നികുതിയുടെ രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ മേൽ ഇനത്തിൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന റേഷൻകടകളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

സി) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ മുൻ അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഡിമാന്റിലുണ്ടായിരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പ്രസ്തുത ജീവനക്കാർ സ്ഥലംമാറിയതും വിരമിച്ചതുമായ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ ജീവനക്കാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ കഴിഞ്ഞ അർദ്ധ വർഷം 60 ദിവസം ജോലി ചെയ്തിട്ടുണ്ടോയെന്നും, ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ളവരാണോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൊഴിൽ നികുതി രജിസ്റ്റർ ഈ വിധം കൃത്യതയില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളത്.

ഡി) കാലികമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിലുള്ള ജീവനക്കാരുടെ/ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 05.09.2023 തീയതിയിലെ 19/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് ജോലികൾ നിർവ്വഹിച്ച കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് ജോലികൾ നിർവ്വഹിച്ച താഴെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിതായി കാണുന്നില്ല.

1)ഉണ്ണികൃഷ്ണൻ കെ

കല്ലാട്ടുമ്മൽ

കാവുമന്ദംപി.ഓ

2)അമൽ കെ ഉണ്ണികൃഷ്ണൻ

കല്ലാട്ടുമ്മൽ

കാവുമന്ദം പി.ഓ

3)മുസ്തഫ കെ

കൊയ്ത്ത വീട്

അച്ചൂരാനം

4)യാസർ കല്ലായി

കല്ലായി

പള്ളിക്കൽ

5)ഷിഹാബ് കെ കെ

കിഴക്കയിൽ (വീട്)

അച്ചൂരാനം

6)ജോസഫ് എ.എം

അറക്കപ്പറമ്പിൽ

ബൈബിൾ ലാന്റ്

7)സതീഷ് ജോർജ്ജ്

ഐക്കരത്താഴത്ത്

ബൈബിൾ ലാന്റ്

8)അർഷാദ് കെ

കുനിയാരത്ത്

വെള്ളമുണ്ട

9)രഞ്ജിത്ത് കെ

കല്ലാട്ടുമ്മൽ

കൃഷ്ണനിവാസ്

മേൽ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.മുൻ വർഷങ്ങളിലും സമാനമായ പരാമർശങ്ങൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും നടപടികൾ സ്വീകരിക്കാത്തത് ആശാസ്യമല്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഈയിനത്തിൽ നഷ്ടപ്പെടുന്നതിന് ഇത്തരം വീഴ്ചകൾ കാരണമാവുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മേൽ വിഷയം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് ( നം- 20/22-23 തീയതി 05.09.2023) നൽകിയതിൽ ലഭ്യമാക്കിയ മറുപടിയിൽ ( നം. എസ്.സി.2-2808/2023 തീയതി 05.09.2023) പൊതുമരാമത്ത് ജോലികൾ നിർവഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 കൃത്യതയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി,ലൈസൻസ് ഫീസ് എന്നീ വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിക്കുന്നില്ല.

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 301 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.(267 സ്ഥാപനങ്ങൾ FTEAOS ലൈസൻസ്,23 ലോഡ്ജിങ്ങ് ലൈസൻസ്,8 ഫാം ലൈസൻസ്,3 പാരാ മെഡിക്കൽ ലൈസൻസ്) സഞ്ചയസോഫ്റ്റ്വെയറിലെ ഡാറ്റ പ്രകാരം ഓഡിറ്റ് സമയത്ത് തരിയോട് ഗ്രാമപഞ്ചായത്തിൽ താഴെ പറയും പ്രകാരമാണ് കെട്ടിടങ്ങളുടെ എണ്ണമുള്ളത്

| സി.നം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരേ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 743 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 69 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരേ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 8 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 103 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 58 |
| 8 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 9 |
| 9 | റിസോർട്ടുകൾ | 233 |
| 10 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 44 |

2023 മാർച്ച് 31 വരെ മേൽ ആവശ്യങ്ങൾക്കുപയോഗിക്കുന്ന 109 കെട്ടിടങ്ങൾ പൊളിച്ച് നീക്കിയത് പരിഗണിച്ച് ഒഴിവാക്കിയതായും വ്യക്തമായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1162 കെട്ടിടങ്ങളെങ്കിലും മേൽ പറഞ്ഞ ഉപയോഗക്രമങ്ങളിലുണ്ട്. 2022-23 സാമ്പത്തിക വർഷം 14 കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതായി പരിഗണിച്ച് നികുതി ഒഴിവാക്കിയിട്ടുണ്ട്.ആയത് കൂടി പരിഗണിച്ചാലും 1148 കെട്ടിടങ്ങളെങ്കിലും ലൈസൻസ് നേടേണ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഒന്നിലേറെ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണവും ഗ്രാമപഞ്ചായത്തിൽ നിന്ന് നികുതിയിളവ് നേടാത്ത ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും പരിഗണിച്ചാലും 301 സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുള്ളൂ എന്നത് വിശ്വസനീയമല്ല.മേൽ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് 100 ശതമാനം ലൈസൻസ് ഫീസും ഈടാക്കിയിട്ടുള്ളതായാണ് അറിയിച്ചിട്ടും, ആയിരത്തിയിരുന്നൂറിലധികം കെട്ടിടങ്ങൾ ലൈസൻസ് നേടി പ്രവർത്തിക്കേണ്ട ഉപയോഗക്രമങ്ങളിലുള്ള ഗ്രാമപഞ്ചായത്തിൽ 301 സ്ഥാപനങ്ങളുടെ മാത്രം ലൈസൻസ് ഫീസ് മാത്രം ലഭിക്കാനുള്ള കാരണം വിശദമാക്കുന്നതിനും ,ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്), ലൈസൻസ് നേടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ 14/2022-23 /04/09/2023 വഴി ആവശ്യപ്പെട്ടിരുന്നു.

മേൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഹെൽത്ത് ഇൻസ്പെക്ടർ ലൈസൻസ് നേടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് പരിശോധന നടത്തി വരുന്നതായി അറിയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം തന്നെ ലൈസൻസ് എടുക്കാത്ത മുഴുവൻ സ്ഥാപനങ്ങളേയും കണ്ടെത്തി ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും മേൽ പ്രക്രീയ പൂർത്തീകരിച്ച് തുടർന്നുള്ള വർഷങ്ങളിൽ സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക് ശേഖരിച്ച് കൃത്യതയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ നാലിരട്ടിയിലധികം കെട്ടിടങ്ങൾ മുകളിൽ സൂചിപ്പിച്ച പ്രകാരം ലൈസൻസ് നേടേണ്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ ഗ്രാമപഞ്ചായത്തിലുണ്ടെന്നതിൽ നിന്നും, കൃത്യതയുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ലെന്നതിൽ നിന്നും ലൈസൻസ്,തൊഴിൽ നികുതി ഇനത്തിൽ നൂറു ശതമാനം കളക്ഷൻ നേടിയിട്ടുണ്ടെന്നുള്ള ഗ്രാമപഞ്ചായത്തിന്റെ അവകാശ വാദം വിശ്വാസയോഗ്യമല്ല. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരവിനങ്ങളിൽ ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടമുണ്ടായിട്ടുണ്ടാകാനും സാധ്യതയുണ്ട്. വാർഡ് തല പരിശോധന നടത്തി അപാകതകൾ പരിഹരിച്ച് വരും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും മേൽ ട്രേഡേഴ്സ് ലിസ്റ്റിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണ സമിതി, ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

01.04.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD പ്രകാരമുള്ള പുതുക്കിയ വസ്തുനികുതി നിരക്കുകൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 02/08/2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം വസ്തു നികുതി പരിഷ്കരണത്തിനും , പുതിയ റോഡുകൾ തരം തിരിച്ച് മേഖലാടിസ്ഥാനത്തിൽ വിഭജിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ഭരണസമിതിക്ക് ശുപാർശ ചെയ്യുകയും കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023 വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല. എങ്കിലും റോഡ് വികസനം നടത്തിയതിനാൽ റോഡിന്റെ തരംമാറ്റൽ നടത്തി മേഖല വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി ഉത്തരവിൽ നിലവിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിന് നിർദ്ദേശിച്ച ക്രമ നമ്പർ 6 മുതൽ 10 വരെയുള്ള പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഇത്തരത്തിലുള്ള പ്രവർത്തികൾ 30.06.2023 നകം പൂർത്തീകരിക്കേണ്ടതാണ്. വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനുള്ള പ്രവർത്തികൾ ഊർജ്ജിതമാക്കി വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

06.01.2022 മുതൽ 18.03.2023 വരെ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20 യോഗങ്ങൾ ചേർന്നിട്ടുണ്ട്. മിനട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, ആയതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ആയത് ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

2. ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനം പിരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 6000000 | 5429058 | -570942 |
| തൊഴിൽ നികുതി(തൻവർഷം) | 1100000 | 1246130 | -146130 |
| Rental Income | 300000 | 271165 | (-)28835 |
| Fee & User Charges | 717900 | 1693537 | 975637 |
| Sale & Hire Charges | 65000 | 31600 | (-)33400 |
| Income From Investments | 0 | 0 | |
| Interest Earned | 400000 | 438684 | 38684 |
| Other Income | 7500 | 0 | (-)7500 |
| ആകെ | 8590400 | 9110174 | 519774 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പ്രകാരം പിരിച്ചെടുക്കേണ്ട വരുമാനങ്ങളിൽ വസ്തുനികുതി സംബന്ധിച്ച ചർച്ച മാത്രമാണ് നടന്നിട്ടുള്ളത്. മറ്റ് വരവുകളെ സംബന്ധിച്ച ചർച്ചകൾ നടത്തിയിട്ടില്ല.

3. സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല.

1) 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല .ഓരോ വരവിനങ്ങളിലുമുള്ള കുടിശ്ശികയും കാലയളവും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) എല്ലാ പ്രാദേശിക സർക്കാറുകളും നികുതിവരുമാനത്തിന്റെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭ യോഗങ്ങളുടെ മിനിറ്റ്സ്, ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് എന്നിവ പ്രകാരം ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് തനത് വരുമാനങ്ങളുടെ ഡി സി ബി പത്രിക തയ്യാറാക്കേണ്ടതും ഗ്രാമസഭകളിലും ഭരണ സമിതി യോഗങ്ങളിലും അവലോകനം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

2)വസ്തു നികുതി പിരിവ്

1. ബജറ്റിലെ വരവും ഐ.എൽ.ജി.എം.എസ് വരവും സഞ്ചയ(വസ്തു നികുതി) വരവ് തമ്മിൽ അന്തരം

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ്, ഐ.എൽ.ജി.എം.എസ്, സഞ്ചയ വരവുകൾ തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ബജറ്റിലെ പ്രതീക്ഷിത വരവ് | ഐ.എൽ.ജി.എം.എസ് വരവ് | സഞ്ചയ പ്രകാരമുള്ള വരവ് | ILGMS, സഞ്ചയ വരവുകൾ തമ്മിലുള്ള വ്യത്യാസം |
|---|---|---|---|
| 6000000 | 54,17,230 | 54,45,971 | 28741 |

വസ്തുനികുതി 100% പിരിച്ചെടുത്തിട്ടുണ്ട്.

2. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പാക്കിയിട്ടില്ല.

01.04.2023 ലെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. പുതുക്കിയ വസ്തു നികുതി നിരക്കുകൾ പ്രാദേശിക ദിനപത്രത്തിൽ കരട് വിജ്ഞാപനം നടത്തി (SC3- 2860/2023 /15.08.2023 ) ആക്ഷേപങ്ങൾ ക്ഷണിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തി നിലവിലെ കെട്ടിടങ്ങളുടെ നികുതി 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

3.സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ( Other Reports - Data Purification Details ) ആകെയുള്ള 4346 കെട്ടിടങ്ങളിൽ Operator Pending ൽ 8 എണ്ണവും, Approver Pending ൽ 13 എണ്ണവും ഉൾപ്പെടെ 21 കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ചില കെട്ടിടങ്ങൾക്ക് നികുതിയിളവുകൾക്കൊന്നും തന്നെ അർഹതയില്ലാതിരുന്നിട്ടും 0 രൂപയാണ് സഞ്ചയസോഫ്റ്റ്‌വെയറിൽ നികുതിയായി നിലവിലുള്ളത്. (ഖണ്ഡിക 1-11 കാണുക).ആയതിനാൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർണ്ണമാണോ എന്ന് വ്യക്തമല്ല.

4.സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ, വർക്ക്ഷോപ്പ്, എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ/റിസോർട്ടുകൾ എന്നീ കെട്ടിടങ്ങൾക്ക് എസ്.ആർ.ഒ നം. 100/2015(സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015 ) പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. റസിഡൻഷ്യൽ ഹോം സ്റ്റേയ്ക്കും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

5. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികളിലെ പുരോഗതിയും വീഴ്ചകളും

ക്രമവത്കരണത്തിനുള്ള അപേക്ഷ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ക്രമവത്കരിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. റഗുലറൈസേഷൻ ഉത്തരവ് രേഖപ്പെടുത്തി ക്രമവത്കരണത്തിനുള്ള അപേക്ഷ രജിസ്റ്റർ പൂർത്തിയാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. മൊബൈൽ ടവറുകളുടെ വസ്തുനികുതി

മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയത്തിന് ഉൾപ്പെടുത്തേണ്ട ഭാഗങ്ങൾ സംബന്ധിച്ച് സർക്കുലർ നം. RD 3/94/2020/ത.സ്വ.ഭ.വ/ തീയതി 02/02/2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 2/25 | 10 |
| 2 | 6/358 | 40 |
| 3 | 9/657/A | 30 |
| 4 | 9/657/B | 30 |
| 5 | 11/122 | 30 |
| 6 | 11/234 | 40 |

മേൽ പരാമർശിച്ച ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മൊബൈൽ ടവറിന്റെ വസ്തു നികുതി 2023 വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3) സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കായി സേവന ഉപനികുതി ഈടാക്കുന്നതിലേക്ക് തീരുമാനമെടുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

4) തൊഴിൽ നികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ക്രമപ്രകാരമാണ്.

2. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

3 കച്ചവട സ്ഥാപനങ്ങളുടെയും, സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്ന സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാന്റ് , കളക്ഷൻ, ബാലൻസ് രജിസ്റ്റർ തയ്യാറആക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ടി ഇനങ്ങളിലെ വരവ് സംബന്ധിച്ച് കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

5) വിനോദ നികുതി

ഗ്രാമപഞ്ചായത്തിലെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയ്ക്കോ സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയ്ക്കൊന്നും നമ്പർ നൽകിയതായോ, ലൈസൻസ് നൽകിയതായോ കാണുന്നില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) നികുതിയേതര വരവുകൾ

1. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവില്ല
സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 1271 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ ഫാക്ടറി, വ്യാപാരം, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 301 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ഉള്ളതിന് ആനുപാതികമായി ലൈസൻസ് പിരിവ് വർദ്ധിച്ചിട്ടില്ല( ഖണ്ഡിക 1-17 കാണുക) ലൈസൻസ് പിരിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. ലേലം, വാടക, ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം തുടങ്ങിയവ

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 100% വാടക പിരിച്ചിട്ടുണ്ട്. എന്നാൽ ആകെയുള്ള 17 റൂമുകളിൽ 10 എണ്ണം മാത്രമാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത് . അവശേഷിക്കുന്ന റൂമുകൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ കർലാട് തടാകത്തിന് സമീപമുള്ള പഞ്ചായത്തിന്റെ സ്ഥലം ടൂറിസം വകുപ്പിന് കൈമാറിയതിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനം കൃത്യമായി ലഭ്യമായി തുടങ്ങിയിട്ടില്ല. നാളിതു വരെയായിട്ടും ഇത് സംബന്ധിച്ച് എഗ്രിമെന്റിലേർപ്പെട്ടിട്ടില്ല. കരാറിലേർപ്പെട്ട് വരുമാനം ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016 – 17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തിൽ കർലാട് തടാകത്തിന് മുൻപിലായി 2 വണ്ടിത്താവളങ്ങളും തടാകത്തിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ സൈഡിൽ ഇടതുവശത്തായി ഒരു വണ്ടിത്താവളവും പ്രവേശന മാർഗ്ഗത്തിന്റെ വലതു ഭാഗത്ത് ഏകദേശം 50 മീ. താഴെയായി തരിയോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഒരു വണ്ടിത്താവളവും പഞ്ചായത്തിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്നതായും ടി വണ്ടിത്താവളങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതു വരെയായി ഫീസ് ഈടാക്കി തുടങ്ങിയിട്ടില്ല . ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പൂരകപോഷകാഹാര പദ്ധതി - സർക്കാർ അനുമതിയില്ലാതെ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തി.

അങ്കണവാടി പൂരകപോഷകാഹാര പദ്ധതി എന്ന പ്രോജക്ടിന്റെ ഭാഗമായി 2022-23 വർഷത്തിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് ₹1,26,349/- (ചെക്ക് നം.1142052/29.03.23) രൂപ ചെലവിൽ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തുന്നതിനുള്ള പ്രൊജക്ട് ICDS സൂപ്രവൈസർ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രത്യേക പോഷകാഹാരയിനത്തിന്റെ പേര് | വിതരണം നടത്തിയ സ്ഥാപനം | ഇൻവോയ്സ് നമ്പർ/തീയതി | തുക(₹) |
|---|---|---|---|---|
| 1 | Nutri Mam & Teen Care | Sanjeevini, Koorikund | 343/01.08.22 | 33688 |
| 2 | Nutri Mam & Teen Care | Sanjeevini, Koorikund | 426/27.09.22 | 30663 |
| 3 | Gravi Pro | - Do - | 106/02.08.22 | 10175 |
| 4 | Nutri Mam & Teen Care | - Do - | 384/30.08.22 | 31625 |
| 5 | Gravi Pro | Sanjeevini, Koorikund | 141/30.08.22 | 10313 |
| 6 | Gravi Pro | Sanjeevini, Koorikund | 174/27.09.22 | 11000 |
| | | | ആകെ തുക | 1,27,464.00 |

ജില്ലാ വനിത ശിശു പ്രോഗ്രാം ഓഫീസറുടെ നിർദ്ദേശാനുസരണം ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചതനുസരിച്ച് മേൽ പറഞ്ഞ പോഷകാഹാര മിശ്രിതം വിതരണം ചെയ്യുന്നതിന് ഭരണസമിതിയുടെ തിരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രത്യേക പോഷകാഹാര മിശ്രിതം മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി വിതരണം നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമായത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല മാനദണ്ഡപ്രകാരമുള്ള പോഷക മൂല്യം പോഷകാഹാര മിശ്രിതത്തിൽ നിർണ്ണയിച്ചത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 അംഗൺ വാടി അനുപൂരക പോഷകാഹാരം (ജനറൽ)-ബില്ലിലുള്ള മുഴുവൻ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് | |
|---|---|---|---|---|
| | | | ബിൽ നം./ചെക്ക് നം./തീയതി | തുക(₹) |
| S0002/23 | അംഗൺ വാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) | 1500000(വികസന ഫണ്ട് ജനറൽ) 1000000(കേന്ദ്രാവിഷ്കൃതം) ആകെ - 2500000 | 3 /22-23/31.05.22 | 840598 |
| | | | 4 /22-23/30.09.22 | 218735 |
| | | | 5 /22-23/26.11.22 | 423227 |
| | | | 027153/21.02.23 | 83863 |
| | | | 027153/27.01.23 | 28979 |
| | | | 1142052/29.03.23 | 126349 |
| | | | 027159/28.03.23 | 196656 |

| | | | | |
|---|---|---|---|---|
| | | | 027152/27.01.23 | 28979 |
| | | | 028422/31.03.23 | 265976 |
| | | | 027158/28.03.23 | 65856 |
| | | ആകെ | | 22,79,218.00 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | | |

പോഷകാഹാര വിതരണത്തിനായാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മേൽ പദ്ധതിയിലെ ബിൽ നം. 3/22-23/31.05.2022 പ്രകാരം പിൻവലിച്ച ₹ 8,40,598.00 രൂപയിൽ സിവിൽ സപ്ലൈസ്, കാവുമന്ദത്തിന് താഴെ പറയുന്ന തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നം. | തുക(₹) |
|---|---|---|---|
| 1 | സിവിൽ സപ്ലൈസ്, കാവുമന്ദം | 1201108/2241/12.05.22 | 399436.55 |
| 2 | സിവിൽ സപ്ലൈസ് കാവുമന്ദം | 1201108/2271/07.06.22 | 215702.3 |

അപാകതകൾ താഴെ പറയുന്നു.

1). മേൽ പട്ടികയിലെ ക്രമ നം. 1 - ലെ ഇൻവോയിസ് പ്രകാരം ( 1201108/2241/12.05.22) 590 എണ്ണം 1L പൗച്ച് കേര വെളിച്ചെണ്ണ, 5 KG ഗ്രീൻ ജാഗ്ഗരി എന്നിവക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ,സ്റ്റോക്ക് രജിസ്റ്റർ (പേജ് നം.34) പ്രകാരം വിതരണം ചെയ്തിരിക്കുന്നത് 573 L പൗച്ച് കേര വെളിച്ചെണ്ണ ആണ്.17 L പൗച്ച് കേര വെളിച്ചെണ്ണ (₹ 3149.25), 5 KG ഗ്രീൻ ജാഗ്ഗരി (₹ 305) എന്നിവ വിതരണം ചെയ്തിട്ടില്ല..

2). Expenditure Statement പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് 791833 ആണ്. എന്നാൽ, രേഖകൾ പ്രകാരം ചിലവഴിച്ചിരിക്കുന്നത് 796658 ആണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം വിതരണം ചെയ്യാത്ത മേൽ സൂചിപ്പിച്ച സാധനങ്ങളുടെ വിലയായ ₹ 7,812/- രൂപ (3149.25+305+3990+368) ഓഡിറ്റിൽ നിരാകരിക്കുന്നു. .(ഖണ്ഡിക 3-1 കാണുക).

## 1-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് | |
|---|---|---|---|---|
| | | | ബിൽ നം./ചെക്ക് നം./തീയതി | തുക(₹) |
| S0021/23 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 144200(വികസന ഫണ്ട് ജനറൽ) | 2 /22-23/26.05.22 | 1,44,200.00(ബിൽ നം.2/22-23/26.05.22) |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | | |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള 2021-22 വർഷത്തെ സ്കോളർഷിപ്പിൽ ബാക്കി നിൽക്കുന്ന തുക നൽകുന്നതിനാണ് ഈ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. UTR സ്റ്റേറ്റ്മെന്റ് പ്രകാരം 26 കുട്ടികൾക്ക് 1,44,200/- രൂപ ഈയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ ഗുണഭോക്താക്കളായ 26 കുട്ടികൾക്കുമായി ഈയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട് ബാക്കി നൽകേണ്ടുന്ന തുക എത്രയാണ് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ / രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക ₹ 1,44,200.00 തടസ്സത്തിൽ വെക്കുന്നു.

## 1-23 കമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ - അധികം തുക നൽകി

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|

| | | | |
|---|---|---|---|
| S0185/23 | കമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ | 29,127 (വികസന ഫണ്ട് ജനറൽ) 1,99,644(CFC) 8,70,000(കേന്ദ്രം) ആകെ - 10,98,771.00 | 8,55,681.00 (199644 – ബിൽ നം.17/22-23//31.03.23, 656037 – വൗച്ചർ നം./തീയതി 22200883/30.03.23)) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എം.ബുക്ക് നം. | | 86/18 | |

കമ്മായമൂല അംഗൺവാടിക്ക് കെട്ടിടം നിർമ്മിക്കുകയാണ് മേൽ പദ്ധതിയിൽ ചെയ്തിരിക്കുന്നത്. മേൽ പദ്ധതിയുടെ എം ബുക്ക് പേജ് നം.15 പ്രകാരം(Item No.15 – Providing & Fixing Panelling Door Or Glazed) ചെയ്തിരിക്കുന്ന പ്രവൃത്തിയുടെ അളവ് 6.56 Sq.m ആണ്. എന്നാൽ ഫൈനൽ ബിൽ(എം ബുക്ക് പേജ് നം. 20) പ്രകാരം 7.72 Sq.m പ്രവൃത്തി ചെയ്തതിനുള്ള തുകയാണ് നൽകിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| Item 15 – ന് നൽകിയ തുക(₹) എം. ബുക്ക് പ്രകാരം | Item 15 – ന് നൽകേണ്ട തുക(₹) | അധികം നൽകിയത്(₹) |
|---|---|---|
| 2160.9094(BOQ Rate) X 7.72 Sq.m = എം ബുക്ക് (പേജ് നം 20) പ്രകാരം നൽകിയ തുക 17010.68 ) തെറ്റായാണ് വർക്കൗട്ട് ചെയ്തിരിക്കുന്നത്- യഥാർത്ഥത്തിൽ വേണ്ടിയിരുന്നത് 16682.2 (2160.9094 X 7.72)rs/- Add 12% GST – 2041.28 ആകെ നൽകിയത് - 19052 | 2160.9094(BOQ Rate) X 6.56 Sq.m = 14175.56 Add 12% GST – 1701 നൽകേണ്ടിയിരുന്നത് - 15877 | 3,175.00 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹ 3,175/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (ഖണ്ഡിക 3-2 കാണുക).

## 1-24 കുണ്ടിലങ്ങാടി അംഗൺവാടി വാട്ടർ കണക്ഷൻ -₹66,573.00 പാഴ്ച്ചെലവ്

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0033/23 | കുണ്ടിലങ്ങാടി അംഗൺവാടി വാട്ടർ കണക്ഷൻ | 1,00,000.00 (MGNR) | 66,573.00 (ബിൽ നം.1/10.06.22)) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എം.ബുക്ക് നം. | | 96/20-21 | |

കുണ്ടിലങ്ങാടി അംഗൺവാടിക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി മോട്ടോർ, മറ്റ് അനുബന്ധ സൗകര്യങ്ങൾ ആണ് മേൽ പ്രവൃത്തിയിൽ ചെയ്തിരിക്കുന്നത്. 04/09/2023- ന് നടത്തിയ സ്ഥല പരിശോധനയിലും ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

Texmo- യുടെ, 5 HP വെർട്ടിക്കൽ മോട്ടോർ സ്ഥാപിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇലക്ട്രിക്കൽ കണക്ഷൻ നിലവിലും ലഭിക്കാത്തത് കാരണം മോട്ടോർ പ്രവർത്തിക്കുന്നില്ല. 2022 മാർച്ച് മാസം കിണറിൽ ഇറക്കിവെച്ച മോട്ടോർ ഒരു വർഷമായിട്ടും പ്രവർത്തിപ്പിച്ചിട്ടില്ല. മോട്ടോറിന്റെ വാറന്റി ലഭ്യമാക്കിയിട്ടില്ല. അസി.എഞ്ചിനീയറുടെ സെക്രട്ടറിക്കുള്ള കത്ത് പ്രകാരം (നം.88/20),സെക്രട്ടറിയുടെ വാക്കാലുള്ള നിർദ്ദേശ പ്രകാരം ആണ് മേൽ പ്രവൃത്തി ചെയ്തത് എന്നും കറന്റ് കണക്ഷൻ അടിയന്തിരമായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊജക്റ്റ് പ്രവർത്തനങ്ങൾ യാഥാർത്ഥ്യമായി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കണമെങ്കിൽ മോട്ടോർ പ്രവർത്തിക്കപ്പെടണം എന്നിരിക്കെ വൈദ്യുതി കണക്ഷൻ സംവിധാനം ഏർപ്പെടുത്താതെ മോട്ടോർ കിണറിൽ സ്ഥാപിച്ചത് ക്രമപ്രകാരമല്ല. മാത്രവുമല്ല മോട്ടോറിന്റെ ഗ്യാരണ്ടി മോട്ടോർ സ്ഥാപിച്ച തീയതി മുതലാണോ, പ്രവർത്തിച്ചു തുടങ്ങുന്ന തീയതി മുതലാണോ എന്നതിൽ വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക ₹ 66,573.00 തടസ്സത്തിൽ വെക്കുന്നു. മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് സാധിക്കാതെ വന്നാൽ മോട്ടോറിന്റെ വിലയായ ₹ 56,200.00 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 പ്രവർത്തിക്കാത്ത പകൽ വീടിന്റെ ടോയിലറ്റ് നവീകരിച്ചു - ₹ 1,04,189.00

തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0013/23 | പകൽ വീടിനടുത്തുള്ള ടോയിലറ്റ് നവീകരണം | 1,50,000.00 (MGNR) | 1,04,189.00 (വൗച്ചർ നം.XVFC/2023-24 /P/1/10.04.23) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |

04/09/2023- ന് നടത്തിയ സ്ഥല പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ(ടോയിലറ്റ് പ്രവൃത്തികൾ) തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.എന്നാൽ, പകൽ വീട് ഉപയോഗ ക്ഷമമല്ല. പകൽ വീടിന് മുൻപിൽ ജലനിധിയുടെ പൈപ്പുകൾ ഇറക്കി വാതിൽ പൂട്ടയിട്ടിരിക്കുകയാണ്. മുൻ വശം കാട്ടു പിടിച്ചു കിടക്കുകയാണ്.




പകൽ വീടിന്റെ നിലവിലെ സ്ഥിതി..

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പകൽ വീട് എന്നത്പൊതുജനങ്ങൾക്ക് ലഭിക്കേണ്ടുന്ന ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റുന്ന വിധത്തിൽ കെട്ടിടത്തെ പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണ്. പൊതുപണം ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടം പ്രയോജനപ്പെടുത്താതെ ഈ വിധം നിഷ്ക്രിയമാക്കിയിടുന്നത് ആശാസ്യമല്ല. ആയതിനാൽ പകൽവീട് എന്ന പ്രൊജക്ടിന്റെ ലക്ഷ്യങ്ങൾ ആർജ്ജിക്കുംവിധം കെട്ടിടം തുറന്നുകൊടുക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക ₹ 1,04,189.00 തടസ്സത്തിൽ വെക്കുന്നു.

## 1-26 കമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല-₹ 8,52,507.00 തടസ്സത്തിൽ വെക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0185/23 | കമ്മായമൂല അംഗൺവാടി | 29,127 (വികസന ഫണ്ട് | 8,55,681.00 |

| | | | |
|---|---|---|---|
| | നിർമ്മാണം ബിൽ തുക കൈമാറൽ | ജനറൽ) 1,99,644(CFC) 8,70,000(കേന്ദ്രം)<br>ആകെ - 10,98,771.00 | (199644 - ബിൽ നം.17/22-23//31.03.23, 656037 - വൗച്ചർ നം./തീയതി 22200883/30.03.23) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എം.ബുക്ക് നം. | | 142/21-22 | |

കുമ്മായമൂല അംഗൺവാടിക്ക് കെട്ടിടം നിർമ്മിക്കുകയാണ് മേൽ പദ്ധതിയിൽ ചെയ്തിരിക്കുന്നത്.04/09/2023- ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.എന്നാൽ, ഇലക്ട്രിക്കൽ കണക്ഷൻ, വെള്ളം എന്നിവ നൽകിയിട്ടില്ല.പദ്ധതി മാർഗ്ഗരേഖ(നം.84/2022 /തസ്വഭവ/19.04.22) ഖണ്ഡിക 3.5.1(8) പ്രകാരം കെട്ടിട നിർമ്മാണ പ്രവർത്തികളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത്.ഇലക്ട്രിഫിക്കേഷൻ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.സ്വകാര്യ വ്യക്തി അംഗൺ വാടി പണിയുന്നതിനുള്ള 1 ആർ 21 സ്ക്വ.മീ സ്ഥലം തരിയോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് അടിയന്തിരമായി ഇലക്ട്രിഫിക്കേഷൻ നടത്തി വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. . അപാകതകൾ പരിഹരിച്ച് അറിയിക്കുന്നത് വരെ ചെലവ് തുക ₹8,52,507.00 തടസ്സത്തിൽ വെക്കുന്നു. പ്രൊജക്ട് ലക്ഷ്യം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-27 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ,ഹോമിയോ

പ്രോജക്ട് നം. S01/2023
അടങ്കൽ - 4,00,000/- ( മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ചെലവ് - 4,00,000/-

BRN No. 22180252018300438766 / 21.08.2022

സർക്കാർ ഹോമിയോ ഡിസ്പെൻസറി തരിയോട് , എൻ.എച്ച്.എം ഡിസ്പെൻസറി കാവുംമന്ദം എന്നിവിടങ്ങളിലേക്ക് ₹2,00,000 രൂപ വീതമുള്ള മരുന്നുകൾ വാങ്ങുന്നതിനാണ് ഈ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്.ഇതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 4,00,000/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇതിൽ എൻ,.എച്ച്.എം ഡിസ്പെൻസറി കാവുംമന്ദത്തിന് ₹2,00,000 രൂപയുടെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടുണ്ട്. എന്നാൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി തരിയോടിന് ₹ 113566 രൂപയുടെ മരുന്നുകൾമാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ / തീയതി | തുക | മരുന്ന് ലഭ്യമായ ഡിസ്പെൻസറി |
|---|---|---|---|
| 1 | Invoice No. LF -8/03.05.2023<br>Invoice No. LF -992/14.08.2023 | 62,346<br>51,220 | സർക്കാർ ഹോമിയോ ഡിസ്പെൻസറി തരിയോട് |
| | | 113566 | |

മരുന്ന് ലഭ്യമാകാൻ സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 10/2022-23 തീയതി 22-08-2023 ) ന് 05-09-2023 ന് ലഭ്യമാക്കിയ മറുപടിയിൽ ( നം.54 /2023 /ജി.എച്ച്.ഡി.ടി) മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 86434/- രൂപയുടെ മരുന്ന് ലഭ്യമാക്കിയെന്ന് ഉറപ്പ് വരുത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലഭ്യമല്ലാത്ത മരുന്നിന്റെ ചെലവ് തുക 86434 ഓഡിറ്റ് തടസ്സത്തിൽവെക്കുന്നു. മരുന്നുകൾ ലഭ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-28 ക്രമീകരിക്കാത്ത അഡ്വാൻസ് തുക പലിശ സഹിതം ഈടാക്കേണ്ടതാണ്

01-04-2021 മുതൽ 31-03-2023 വരെയുള്ള ലഡ്ജർ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ്

ഇനത്തിൽ ₹26,000.00രൂപ ബാലൻസ് ഉള്ളതായി കാണുന്നു. ഈ തുക ഏത് കാലയളവിൽ ഏതൊക്കെ ജീവനക്കാർക്ക് നൽകിയ ഇനത്തിൽ തിരികെ ലഭിക്കാനുള്ളതാണെന്ന വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 13 /2022- 2023 തീയതി :04/09/2023 മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് നം. 419 /2011 ഫിൻ തീയതി 4-10-2011 പ്രകാരം സമയപരിധികഴിഞ്ഞ് ക്രമീകരിക്കാത്ത മുൻകൂറുകൾ തിരിച്ചടക്കുന്നതുവരെ 18% പലിശ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയതിനാൽ അഡ്വാൻസിനത്തിൽ തുക കൈപ്പറ്റി തിരിച്ചടക്കാത്തവരിൽ നിന്നും പലിശ സഹിതം തുക ഈടാക്കി ഒടുക്കേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് യഥാസമയം നീക്കം ചെയ്യാത്തതിനാൽ സർക്കാരിന് ധനനഷ്ടം സംഭവിക്കുന്നു.

തരിയോട് ഗ്രാമപഞ്ചായത്തിലെ പെൻഷൻവിതരണവുമായി ബന്ധപ്പെട്ട് സേവനസോഫ്റ്റ് വെയറിലെ വിവരങ്ങളും മരണരജിസ്ട്രേഷൻ വിവരങ്ങളും പരിശോധിച്ചതിൽ പെൻഷൻ ലഭിച്ചുവന്നിരുന്ന ഗുണഭോക്താക്കളിൽ പലർക്കും മരണശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു.

കിടപ്പ് രോഗികൾക്ക് ഡയറക്ട് ടു ഹോം എന്ന രീതിയിൽ സഹകരണ ബാങ്കുകൾ വഴി നേരിട്ടും, മറ്റു വ്യക്തികൾക്ക് ബാങ്ക് അക്കൗണ്ട് വഴിയുമാണ് തുക കൈമാറിവരുന്നത്.

തരിയോട് ഗ്രാമപഞ്ചായത്തിലെ ഡയറക്ട് ടും ഹോം എന്ന രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന താഴെ പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും അനർഹമായി പെൻഷൻ തുക എത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.മേൽ തുക വ്യക്തികൾ കൈപ്പറ്റിയിട്ടില്ലെന്ന് സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, മരണം സംഭവിച്ച ഉടൻ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

ഡയറക്ട് ടു ഹോം - പെൻഷൻ തുക വ്യക്തികൾക്ക് നൽകാനായി സഹകരണ ബാങ്കുകൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ (മരണശേഷമുള്ള കാലയളവിലേക്ക്)

| ക്രമനമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം തുക പെൻഷൻ കൈമാറിയ അവസാനമാസം | അനർഹ പെൻഷൻ കൈമാറിയ കാലഘട്ടം | അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|---|---|
| 1 | രാമൻകുട്ടി | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം) | 110910400039 | 31/03/2022 | മേയ് 2022 (പെൻഷൻ സസ്പെൻഡഡ്) | ഏപ്രിൽ 2022-മേയ് 2022 | 3200 |
| 2 | ദേവസ്യ | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം) | 110910400074 | 11/03/2022 | മേയ് 2022 (പെൻഷൻ സസ്പെൻഡഡ്) | ഏപ്രിൽ 2022-മേയ് 2022 | 3200 |
| 3 | കാർത്യാനി | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി പെൻഷൻ) | 110910100236 | 24/12/2021 | മേയ് 2022 (പെൻഷൻ സസ്പെൻഡഡ്) | ജനവരി 2022-മേയ് 2022 | 8000 |
| ആകെ | | | | | | | 14400 |

പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകുന്ന രീതിയിൽ പെൻഷൻ ലഭിച്ച് വന്നിരുന്ന ഗുണഭോക്താക്കൾക്കും മരണശേഷം പെൻഷൻ തുക അക്കൗണ്ടിലേക്ക് ലഭിക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ താഴെ നൽകുന്നു.

അക്കൗണ്ടിലേക്ക് പെൻഷൻ തുക അയച്ച വിവരങ്ങൾ (മരണശേഷമുള്ള കാലയളവിൽ)

| ക്രമനമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം അവസാനം കൈമാറിയ പെൻഷൻ | അനർഹ പെൻഷൻ കൈമാറിയ കാലഘട്ടം | അനർഹ പെൻഷനായി കൈമാറിയ തുക |
|---|---|---|---|---|---|---|---|
| 1 | പാപ്പ പി | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി പെൻഷൻ) | 110910100358 | 16/12/21 | എപ്രിൽ 2022 (പെൻഷൻ സസ്പെൻഡ്) | ജനവരി 2022-എപ്രിൽ 2022 | 6400 |
| 2 | വിമല | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 110910200601 | 21/03/2022 | നവംബർ 2022 (പെൻഷൻ ആക്ടീവ്) | എപ്രിൽ 2022-നവംബർ 2022 | 12800 |
| 3 | സെയ്തു | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 110910200938 | 06/02/2022 | ജൂൺ 2023 (പെൻഷൻ ആക്ടീവ്) | മാർച്ച് 2022-ജൂൺ 2023 | 25600 |
| ആകെ | | | | | | | 44800 |

ക്ഷേമ നിധി ബോർഡ് പെൻഷനുകളും മരണ ശേഷമുള്ള കാലയളവിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് ഉദ്ദാഹരണം താഴെ നൽകുന്നു,

| ക്രമനമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം പെൻഷൻ അവസാനം കൈമാറിയ മാസം | അനർഹ പെൻഷൻ കൈമാറിയ കാലഘട്ടം | അനർഹമായി കൈമാറിയ പെൻഷൻ തുക |
|---|---|---|---|---|---|---|---|
| 1 | അന്നമ്മ | ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) | 2220291907 | 18/12/2021 | ജനുവരി 2022 (പെൻഷൻ സ്റ്റാറ്റസ്-ആക്ടീവ്) | ജനുവരി 2022 ( | 1600 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും. 2019 ജനുവരി 1 മുതൽ 2023 ജൂൺ 30 വരെ തരിയോട് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണപ്പെട്ടവരുടെ വിവരങ്ങൾ പരിശോധിച്ച് പട്ടികയിൽ പറഞ്ഞിരിക്കുന്ന ആളുകൾ പെൻഷൻ ഗുണഭോക്താക്കളാണെങ്കിൽ പെൻഷൻ ഐ.ഡി ലഭ്യമാക്കുന്നതിനും,അനർഹമായ രീതിയിൽ പെൻഷൻ തുക നൽകിയിട്ടുള്ളത് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും ഓഡിറ്റിന് ലഭ്യമാക്കുന്നതിനും. 25/08/2023 തീയതിയിലെ 6/2022-23 നമ്പർ ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ മരണപ്പെട്ടവരുടെ രജിസ്റ്റർ പരിശോധിച്ച് മരണപ്പെട്ടവരിൽ പെൻഷൻ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവരുടെ മരണ

ശേഷമുള്ള കാലയളവിലും പെൻഷൻ ഗഡുക്കൾ നൽകിയിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അനർഹമായി തുക ക്രെഡിറ്റ് ചെയ്യപ്പെട്ടപക്ഷം തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിലൊടുക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമൂലം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട അധികൃതരുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി നഷ്ടം ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

23.09.2020 തീയതിയിലെ സ.ഉ.(എം.എസ്)നം.97/2020/ധന നമ്പർ ഉത്തരവ് ഖണ്ഡിക സി12 പ്രകാരം മരണപ്പെടുന്നവരുടെയും, പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗൻവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ഖണ്ഡിക സി13 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും. പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അത്തരക്കാരെ അന്വേഷണത്തിന് ശേഷം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. ഖണ്ഡിക സി14 പ്രകാരം പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരുകളെ അറിയിക്കാതെ അനന്തരവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് അടിയന്തിരമായി ഒഴിവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ എസ്.എഫ്.സി-ബി വകുപ്പിന്റെ സർക്കുലർ നമ്പർ 63/2021/ധന / 02/08/2021 നമ്പർ സർക്കുലർ പ്രകാരം എല്ലാ പ്രാദേശിക പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ ധനകാര്യ എസ്.എഫ്.സി-ബി വകുപ്പിനെ അറിയിക്കേണ്ടതാണെന്നും, പ്രസ്തുത ഡാറ്റ ഇൻഫർമേഷൻ കേരള മിഷൻ സേവന യുമായി പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്നും, ഗുണഭോക്താവ് മരണപ്പെട്ടാൽ മേൽ വിവരം അടുത്ത ബന്ധുക്കളോ അവകാശികളോ പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന വിധത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകർ/ ഗുണഭോക്താക്കളിൽ നിന്ന് സത്യപ്രസ്താവന വാങ്ങേണ്ടതുമാണെന്നും. മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം പെൻഷന് അർഹതയില്ലാത്തവരേയും യഥാസമയം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാത്തതിനാൽ മേൽ വ്യക്തികൾ പെൻഷൻ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഇപ്രകാരമുണ്ടാവുന്ന ധനനഷ്ടത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉത്തരവാദികളായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

കൂടാതെ ധനകാര്യ എസ്.എഫ്.സി-ബി വകുപ്പിന്റെ സർക്കുലർ നമ്പർ 23/2023/ധന / 08/03/2023 നമ്പർ സർക്കുലർ പ്രകാരം 2022 ഡിസംബർ മാസം പെൻഷൻ കൈപ്പറ്റിയവരിൽ പ്രാദേശിക സർക്കാരിൽ മരണം റിപ്പോർട്ട് ചെയ്ത ആരും തന്നെ ഉൾപ്പെട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് ലഭ്യമാക്കുന്നതിനും സേവന പോർട്ടലിൽ 25.03.2023 ന് മുൻപ് അപ്‌ലോഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ മരണപ്പെട്ട വളരേ ചുരുക്കം വ്യക്തികളുടെ വിവരങ്ങൾ മാത്രം സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ച് തയ്യാറാക്കിയ മുകളിൽ നൽകിയിരിക്കുന്ന പട്ടികയിൽ നിന്ന് തന്നെ 2022 ഡിസംബർ മാസത്തെയും തുടർന്നുള്ള മാസങ്ങളിലേയും പെൻഷൻ മരണപ്പെട്ട വ്യക്തികൾക്ക് ലഭിച്ചതായി കാണാൻ സാധിക്കും.

2019 വർഷത്തെ മസ്റ്ററിങ്ങിന് ശേഷം പഞ്ചായത്ത് പരിധിക്ക് പുറത്ത് മരണപ്പെട്ടതും, പഞ്ചായത്ത് പരിധിയിൽ വെച്ച് മരണപ്പെട്ടതുമായ പെൻഷൻ ഗുണഭോക്താക്കളായിരുന്നവർക്ക് പെൻഷൻ വിതരണം ചെയ്ത വിവരങ്ങൾ പരിശോധിച്ചാൽ ഭീമമായ തുക സർക്കാരിന് നഷ്ടം സംഭവിച്ചതായി കണ്ടെത്താൻ സാധ്യതയുണ്ട്. ആയതിനാൽ മരണ രജിസ്റ്ററുകൾ വിശദമായി പരിശോധിച്ചും പ്രാദേശിക അന്വേഷണം നടത്തിയും പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് അനർഹരെ നീക്കം ചെയ്യേണ്ടതും. അനർഹമായി പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിലെ പ്രത്യേക പദ്ധതികൾക്കുവേണ്ടി ലഭിച്ച കോർപ്പസ് ഫണ്ട് വിനിയോഗിക്കാതെ തിരിച്ചടച്ചു.

| വൗച്ചർ നമ്പർ, തീയതി | തുക |
|---|---|

| | |
|---|---|
| 22200777 തീയതി 27-02-2023 | ₹ 7,15,000.00 |
| 22200778 തീയതി 27-02-2023 | ₹ 8,80,000.00 |

പട്ടിക ജാതി പട്ടിക വർഗ്ഗ ജില്ലാതല കമ്മറ്റിയുടെ 14-2-2017 ലെയോഗ തീരുമാനപ്രകാരവും, തരിയോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28-09-2016 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരവും പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ 2016-17 വർഷത്തെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തരിയോട് ഗ്രാമപഞ്ചായത്തിലെ കമ്പനികുന്ന് പണിയ കോളനി പാർശ്വഭിത്തി സംരക്ഷണ നിർമ്മാണപ്രവൃത്തിക്ക് ₹7,15,000 രൂപയും, തരിയോട് ഗ്രാമപഞ്ചായത്തിലെ കൊറ്റിപ്പാറ പണിയ കോളനി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് ₹8,80,000 രൂപയും തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കേരള ഗ്രാമീൺ ബാങ്ക് കാവുമന്ദം ശാഖയിലെ അക്കൗണ്ട് നമ്പർ 40123100104080 ( IFS Code- KLGB 0040123) ൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തികൾ നിർവ്വഹിക്കാതെ മേൽ തുകകൾ വർഷങ്ങൾ കഴിഞ്ഞ് യഥാക്രമം വൗച്ചർ നം 22200777 തീയതി 27-02-2023, ₹7,15,000.00, വൗച്ചർ നം. 22200778 തീയതി 27-02-2023 ₹ 8,80,000 പ്രകാരം പട്ടിക വർഗ്ഗ വികസന വകുപ്പിലേക്ക് തിരിച്ചടച്ചതായി കാണുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് പദ്ധതി തുക ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തുക വിനിയോഗിക്കാൻ സാധിക്കാതെ തുക തിരിച്ചടക്കേണ്ടി വന്ന സാഹചര്യവും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 18 /2022- 2023 തീയതി :04/09/2023 ന് 05-09-2023 ന് ലഭ്യമാക്കിയ മറുപടിയിൽ കൊറ്റിപ്പാറ കോളനി കുടിവെള്ള പദ്ധതിക്ക് സ്ഥലം ലഭ്യമാകാത്തതിനാലാണ് പദ്ധതി ഉപേക്ഷിച്ചത് എന്നും, കമ്പനിക്കുന്ന് പണിയ കോളനി പാർശ്വഭിത്തി നിർമ്മാണം പ്രവൃത്തി നടത്തേണ്ട സ്ഥലം മണ്ണ് ഇടിയുന്ന പ്രദേശമായതിനാലും, സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള പ്രയാസവും കാരണമാണ് ഉപേക്ഷിച്ചത് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. 2016-17 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടിക്ക് ഫണ്ട് കൈമാറുന്ന ഘട്ടത്തിലൊന്നും പദ്ധതി നടത്തേണ്ട പ്രസ്തുത സ്ഥലത്തിന്റെ അവസ്ഥ പരിശോധിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാവുന്നു. മേൽ പറഞ്ഞ കാരണങ്ങളാൽ പ്രസ്തുത സ്ഥലത്ത് പ്രൊജക്ട് നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല എങ്കിലും ഗ്രാമപഞ്ചായത്തിലെപട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിനായി പ്രത്യേകമായി അനുവദിച്ച കോർപ്പസ് ഫണ്ട് ഇതു സംബന്ധിച്ച പ്രത്യേക അനുമതിയോടെ സമാനമായ മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കാനുള്ള ശ്രമങ്ങളും ഉണ്ടായിട്ടില്ല എന്ന് കാണുന്നു. മാത്രവുമല്ല 2016-17 ൽ ലഭിച്ച ഫണ്ട് പദ്ധതി ഉപേക്ഷിച്ചതിനെ തുടർന്ന് യഥാസമയം പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിലേക്ക് തിരിച്ചടച്ചുമില്ല. ഈ വിധം ഫണ്ട് തിരിച്ചടച്ചിരുന്നുവെങ്കിൽ പ്രസ്തുത ഫണ്ട് പട്ടിക വർഗ്ഗ പട്ടിക ജാതി വകുപ്പിന് മറ്റു ഗ്രാമപഞ്ചായത്തുകൾ വഴിയോ ഡിപ്പാർട്ട്മെന്റ് വഴിയോ തുക സമാനമായ മറ്റ് പദ്ധതികൾക്കായി യഥാസമയം വിനിയോഗിക്കാനും സാധിക്കുമായിരുന്നു. ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. പട്ടിക ജാതി, പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക മാത്രമാണ് ഇപ്പോൾ തിരിച്ചടച്ചിട്ടുള്ളത്. ഈ തുകയ്ക്ക് നാളിതുവരെ ലഭിച്ച പലിശ കണക്കാക്കി ആ തുക കൂടി തിരിച്ചടക്കേണ്ടതാണ്. പൊതു ആവശ്യത്തിനായി ലഭിക്കുന്ന പദ്ധതി പണം യഥാസമയം യഥാർത്ഥ ആവശ്യത്തിന് വിനിയോഗിക്കുന്നതിനും സാധികാത്ത പക്ഷം താമസംവിനാ ബന്ധപ്പെട്ട സ്രോതസ്സിലേക്ക് തിരിച്ചടക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ പ്രൊജക്റ്റ്-അപാകതകൾ

തരിയോട് ഗ്രാമപഞ്ചായത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണ പദ്ധതി പ്രകാരം 349965 രൂപ ചെലവഴിച്ചിട്ടുണ്ട്.ഒരു ലാപ്ടോപ്പിന് 49995 രൂപ വീതം 7 ലാപ്ടോപ്പുകളാണ് വാങ്ങിയത്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-98/23 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം |
| അടങ്കൽ | ₹ 380000.00 (ടി.എസ്.പി) |
| ചെലവ് | ₹ 349965.00 ബില്ല് റഫറൻസ് നം-22180252018900920882 / 16/12/2023 (ട്രഷറി ബില്ല് നംബർ-01/2022-23)<br>ആകെ - ₹ 349965.00 |
| നിർവ്വഹണം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 ഖണ്ഡിക 7.2.7,അനുബന്ധം 4 പ്രകാരം എസ്.റ്റി വിദ്യാർത്ഥികൾക്ക് നൽകേണ്ട ലാപ് ടോപ്പ് സ്പെസിഫിക്കേഷൻ നൽകിയിട്ടുണ്ട്. ആയതിൽ ഓപ്പറേറ്റിങ്ങ് സിസ്റ്റമായി ഉബണ്ടു (വെർഷൻ 2.0) ആണ് നൽകേണ്ടിയിരുന്നത് .എന്നാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്റ്റ് പ്രകാരം വിൻഡോസ് 11 (പ്രൊഫഷണൽ) ഓപ്പറേറ്റിങ്ങ് സിസ്റ്റമുള്ള

ലാപ്പ്ടോപ്പുകളാണ് നൽകിയിട്ടുള്ളത്. സൗജന്യമായി ലഭിക്കുന്ന ഓപ്പറേറ്റിങ്ങ് സിസ്റ്റമുള്ള ലാപ്പ്ടോപ്പുകൾ നൽകുന്നതിന് നിർദ്ദേശമുള്ളപ്പോഴും ഇപ്രകാരം വിൻഡോസ് ഓപ്പറേറ്റിങ്ങ് സിസ്റ്റമുള്ള ലാപ്പ്ടോപ്പ് വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 22/08/2023 തീയതിയിലെ 2/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അക്കാലത്ത് ലഭ്യമായിരുന്ന ലാപ്ടോപ്പുകളിലെ ഹയർ സ്പെസിഫിക്കേഷനും ലോവർ സ്പെസിഫിക്കേഷനും താരതമ്യം ചെയ്തതിൽ ഹാർഡ്‌വെയർ ഘടകങ്ങൾ കൃത്യമായി ഉണ്ടെന്നുറപ്പ് വരുത്തിയപ്പോൾ ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ വിട്ട് വീഴ്ച്ച ചെയ്യേണ്ടി വന്നതാണെന്നും, ലിനക്സിസ് ഓപ്പറേറ്റിങ്ങ് സിസ്റ്റമുള്ള നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പ് ജേം പോർട്ടലിൽ ലഭ്യമല്ലാത്തിനാലാണ് വിൻഡോസ് ഓപ്പറേറ്റിങ്ങ് സിസ്റ്റമുള്ള ലാപ്ടോപ്പ് വാങ്ങിയതെന്നുമറിയിച്ചിട്ടുണ്ട്. വിൻഡോസ് ഓപ്പറേറ്റിങ്ങ് സിസ്റ്റമുള്ള ലാപ്ടോപ്പ് വാങ്ങിയതിനാലാണ് ലാപ്ടോപ്പിന് ഉയർന്ന വില നൽകേണ്ടി വന്നതെന്ന് മനസ്സിലാക്കുന്നു. വരും വർഷങ്ങളിൽ ലിനക്സ് ഓപ്പറേറ്റിങ്ങ് സിസ്റ്റമുള്ള കംപ്യൂട്ടറുകൾ തന്നെ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകി അധിക ചെലവുണ്ടാവുന്നത് തടയുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.

## 1-32 കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ-പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തുക ₹ 19,17,500.00 തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നംബർ | എസ്.09 /2023 |
| പ്രൊജക്റ്റ് പേര് | കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ |
| ഫണ്ട് ( Finance Commission Tied Fund )<br>ചെലവ് | ₹ 19,49,400.00<br>₹ 19,17,500.00 |
| നിർവ്വഹണം | സെക്രട്ടറി ,ഗ്രാമപഞ്ചായത്ത്. |
| വൗച്ചർ നംബർ, തീയതി | XCFC /2022-23 /P /20 Dt 18-3-2023 |

തരിയോട് ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ താഴെ ചേർത്ത പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്നതിനാണ് ഈ പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്.

| വാർഡ് നം | പദ്ധതി നടപ്പാക്കേണ്ട സ്ഥലം |
|---|---|
| 1 | തെങ്കാശി തേക്കിലക്കാട്ടിൽ ഭാഗം |
| 2 | ഓലപുറകുന്ന് അതിരത്തിൽ റോഡ് |
| 3 | തെങ്കാശി തേക്കിലക്കാട്ടിൽ ഭാഗം |
| 4 | തുറവേലിക്കുന്ന് ,കുനിയമ്മൽ കോളനി |
| 5 | ശാന്തിനഗർ കോളനി |
| 6 | പൊയ്കയിൽ റോഡ് |
| 7 | കൊറ്റിപ്പാറ കോളനി |
| 8 | കോട്ടക്കുന്ന് |
| 9 | കാവുമന്ദം, ലൂർദ്ദ് മാതാ പള്ളി മുതൽ |
| 10 | കാലികുനി ജാഫർ പടി പരിസരം മുതൽ കണ്ടിലങ്ങാടി വരെ |
| 11 | പാണ്ടികശാല കുന്ന് |
| 12 | ഇച്ചിട്ടുക്ക് മുതൽ മാക്കനി കോളനി വരെ |
| 13 | പുലിക്കോട്ട് കുന്ന്, തെക്കും പുറം കാരക്കൽ |

ഈ പ്രോജക്റ്റ് നടപ്പാക്കുന്നതിനായി ആകെ ₹ 38,00,000.00 രൂപയുടെ എസ്റ്റിമേറ്റാണ് കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ളത്. ഈ തുകയിൽ ₹18,82,500 രൂപ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിരുന്നു. ബാക്കി തുക ₹19,17,500.00 രൂപ 2022-23 വർഷത്തിലെ പ്രൊജക്റ്റിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ഇതു പ്രകാരം മേൽ പട്ടികയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് പ്രകാരമുള്ള ₹38,00,000.00 രൂപ ഇതിനോടകം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം, 4/2022-23 തീയതി 25-08-23 ന് 01-09-23 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രോജക്ടുകളിലെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറോട് 28-03-2023 ,15-06-2023 തീയതികളിൽ എസ്.സി.1- 167 /21 പ്രകാരം കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെയും പ്രോജക്ട് പൂർത്തിയായതിന്റെയും രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ 2022-23 വർഷത്തിൽ ചെലവഴിച്ച ₹19,17,500.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. പ്രോജക്ട് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം സംബന്ധിച്ച് തീരുമാനം അറിയിക്കുന്നതാണ്.

## 1-33 വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധനയിലൂടെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | എസ്0 76/23 |
| പ്രോജക്ടിന്റെ പേര് | വെള്ളക്കരം കുടിശ്ശിക തുക അടവാക്കൽ |
| ഫണ്ട് (M.G.(NR) അടങ്കൽ<br>Expenditure | ₹6,00,000.00<br>₹6,00,000.00 |
| ബിൽ നം. | 1. 221 802 52009400758998 Dt 10-11-2022- ₹3,54,515.00<br>2. 221 802 52009401491928 Dt 27-3-2023- ₹ 2,45,485.00 |
| നിർവ്വഹണം | സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റികൂപ്പ് ചെയ്യുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ ബിൽ ഇൻവോയ്സ് പ്രകാരം (Bill No. 72354 Dt 10-3-23 ) 105 വാട്ടർ ടാപ്പുകളുടെ ബില്ലുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . ടാപ്പ് ഒന്നിന് 5788 രൂപ നിരക്കിൽ പ്രതിമാസം ₹50,645.00 രൂപയാണ് വാട്ടർ ചാർജ്ജ് കണകാക്കിയിരുന്നത്. മാർച്ച് 2023 മുതൽ ₹14,559.00രൂപയായി പ്രതിമാസ നിരക്ക് വർദ്ധിച്ച് ₹ 1,27,397.00 രൂപയാണ് പ്രതിമാസ വാട്ടർ ചാർജ്ജായി വാട്ടർ അതോറിറ്റി ഇപ്പോൾഈടാക്കുന്നത്. ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയുമായി 2015-16 വർഷത്തിൽ സംയുക്തപരിശോധന നടത്തിയത് പ്രകാരമുള്ള വാട്ടർ ടാപ്പുകളുടെ എണ്ണമാണ് 2023 ലും തുക ഒടുക്കി വരുന്ന 105 ടാപ്പുകൾ എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 8 /2022- 2023 തീയതി :26/08 /2023) എസ്.സി.2-2808/2023 പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 2015-16ന് ശേഷം ഇപ്പോഴും 105 വാട്ടർ ടാപ്പുകളുംപ്രവർത്തനക്ഷമമാണ് എന്ന് കരുതാവുന്നതല്ല. നിലവിലെ വാട്ടർ ചാർജ്ജ് ടാപ്പ് ഒന്നിന് ₹ 14,559 രൂപയായി വർദ്ധിച്ച സാഹചര്യത്തിൽ ടാപ്പുകളുടെ ആവശ്യകത പരിശോധിച്ച് മാത്രം തുക ഒടുക്കേണ്ടത് അത്യാവശ്യമാണ്.ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ വാർഡുകളിൽ ജലനിധി ഉൾപ്പെടെയുള്ള ചെറുതും, വലുതുമായ കുടിവെള്ള പദ്ധതികൾ നിലവിൽ വന്നിട്ടുണ്ട്. ഇതു കൂടി പരിഗണിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ച് തുക ഒടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അംഗൺ വാടി അനുപൂരക പോഷകാഹാരം (ജനറൽ)-7,812/- രൂപയുടെ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല.

| പ്രൊജക്ട് | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് |
|---|---|---|---|

| നം. | | | ബിൽ നം./ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| S0002/23 | അംഗൺ വാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) | 1500000(വികസന ഫണ്ട് ജനറൽ) 1000000(കേന്ദ്രാവിഷ്കൃതം) ആകെ - 2500000 | 3 /22-23/31.05.22 | 840598 |
| | | | 4 /22-23/30.09.22 | 218735 |
| | | | 5 /22-23/26.11.22 | 423227 |
| | | | 027153/21.02.23 | 83863 |
| | | | 027153/27.01.23 | 28979 |
| | | | 1142052/29.03.23 | 126349 |
| | | | 027159/28.03.23 | 196656 |
| | | | 027152/27.01.23 | 28979 |
| | | | 028422/31.03.23 | 265976 |
| | | | 027158/28.03.23 | 65856 |
| | | ആകെ | | 22,79,218.00 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | | |

പോഷകാഹാര വിതരണത്തിനായാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മേൽ പദ്ധതിയിലെ ബിൽ നം. 3/22-23/31.05.2022 പ്രകാരം പിൻവലിച്ച ₹ 8,40,598.00 രൂപയിൽ സിവിൽ സപ്ലൈസ്, കാവുമന്ദത്തിന് താഴെ പറയുന്ന തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നം. | തുക(₹) |
|---|---|---|---|
| 1 | സിവിൽ സപ്ലൈസ്, കാവുമന്ദം | 1201108/2241/12.05.22 | 399436.55 |
| 2 | സിവിൽ സപ്ലൈസ് കാവുമന്ദം | 1201108/2271/07.06.22 | 215702.3 |

അപാകതകൾ താഴെ പറയുന്നു.

1). മേൽ പട്ടികയിലെ ക്രമ നം. 1 - ലെ ഇൻവോയിസ് പ്രകാരം ( 1201108/2241/12.05.22) 590 എണ്ണം 1L പൗച്ച് കേര വെളിച്ചെണ്ണ, 5 KG ഗ്രീൻ ജാഗ്ഗരി എന്നിവക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ,സ്റ്റോക്ക് രജിസ്റ്റർ (പേജ് നം.34) പ്രകാരം വിതരണം ചെയ്തിരിക്കുന്നത് 573 L പൗച്ച് കേര വെളിച്ചെണ്ണ ആണ്.17 L പൗച്ച് കേര വെളിച്ചെണ്ണ (₹ 3149.25), 5 KG ഗ്രീൻ ജാഗ്ഗരി (₹ 305) എന്നിവ വിതരണം ചെയ്തിട്ടില്ല..

2). Expenditure Statement പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് 791833 ആണ്. എന്നാൽ, രേഖകൾ പ്രകാരം ചിലവഴിച്ചിരിക്കുന്നത് 796658 ആണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം വിതരണം ചെയ്യാത്ത മേൽ സൂചിപ്പിച്ച സാധനങ്ങളുടെ വിലയായ ₹ 7,812/- രൂപ (3149.25+305+3990+368) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 കമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ - 3174/- രൂപ അധികം തുക നൽകി

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0185/23 | കമ്മായമൂല അംഗൺവാടി നിർമ്മാണം ബിൽ തുക കൈമാറൽ | 29,127 (വികസന ഫണ്ട് ജനറൽ) 1,99,644(CFC) 8,70,000(കേന്ദ്രം)<br>ആകെ - 10,98,771.00 | 8,55,681.00<br>(199644 - ബിൽ നം.17/22-23//31.03.23, 656037 – വൗച്ചർ നം./തീയതി 22200883/30.03.23)) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| എം.ബുക്ക് നം. | | 86/18 | |

കമ്മായമൂല അംഗൺവാടിക്ക് കെട്ടിടം നിർമ്മിക്കുകയാണ് മേൽ പദ്ധതിയിൽ ചെയ്തിരിക്കുന്നത്. മേൽ പദ്ധതിയുടെ

എം ബുക്ക് പേജ് നം.15 പ്രകാരം(Item No.15 – Providing & Fixing Panelling Door Or Glazed) ചെയ്തിരിക്കുന്ന പ്രവൃത്തിയുടെ അളവ് 6.56 Sq.m ആണ്. എന്നാൽ ഫൈനൽ ബിൽ(എം ബുക്ക് പേജ് നം. 20) പ്രകാരം 7.72 Sq.m പ്രവൃത്തി ചെയ്തതിനുള്ള തുകയാണ് നൽകിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| Item 15 – ന് നൽകിയ തുക(₹)<br>എം. ബുക്ക് പ്രകാരം | Item 15 – ന് നൽകേണ്ട തുക(₹) | അധികം നൽകിയത്(₹) |
|---|---|---|
| 2160.9094(BOQ Rate) X 7.72 Sq.m = എം ബുക്ക് (പേജ് നം 20) പ്രകാരം നൽകിയ തുക 17010.68 ) തെറ്റായാണ് വർക്കൗട്ട് ചെയ്തിരിക്കുന്നത്- യഥാർത്ഥത്തിൽ വേണ്ടിയിരുന്നത് 16682.2 (2160.9094 X 7.72)rs/-<br>Add 12% GST – 2041.28<br>ആകെ നൽകിയത് - 19052 | 2160.9094(BOQ Rate) X 6.56 Sq.m = 14175.56<br>Add 12% GST – 1701<br>നൽകേണ്ടിയിരുന്നത് - 15877 | 3,175.00 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/22-23/05.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹ 3,175/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ ,തീയതി |
|---|---|---|
| 2022-23 | 2-9-2023 | ഓഡിറ്റ് റിപ്പോർട്ട് അനുബന്ധമായി ഉൾപ്പെടുത്തി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2022-23 | 505412 | ലൈഫ് മിഷൻ ഭവന പദ്ധതി (ST) | 505412 | |
| 2 | ജില്ലാ പഞ്ചായത്ത് | 2022-23 | 3,76,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി | 3,76,000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 220000 | ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി | 220000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 84500 | ശാരീരിക മാനസീക വെല്ലുവിള് നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 84500 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ- ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതിക്കായി പൈപ്പ് ലൈൻ നീട്ടൽ | XVFC /2022/ 23/p/20 | 38,00,000 | 0 | 38,00,000 |

ഈ തുകയുടെ വിവരങ്ങൾ ബാലൻസ്ഷീറ്റിൽ B-18 ൽ കാണിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-2005 | 3.12.11 | | 1 | | സമിതി മുൻപാകെ |
| 2005-06 | 2.79.1 | | 1 | | സമിതി മുൻപാകെ |
| 2008-09 | 03-09-031 | | 1 | | സമിതി മുൻപാകെ |
| 2018-19 | Waynad 1 | | 1 | Kariad Lake | സമിതി മുൻപാകെ |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41.060.299.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 36,702,084.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10523.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10987.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3171403.00 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-21 | | 7812.00 | ശ്രീ. സിസിലി.എം<br>ശിശു വികസന ഓഫീസർ, കൽപ്പറ്റ അഡീ. പ്രൊജക്ട്, ചുണ്ടേൽ |

| | | | |
|---|---|---|---|
| 3-2 | | 3175.00 | ശ്രീ. ജോർജ്ജ്. കെ.ഇ<br>അസി.എഞ്ചിനിയർ |
| ആകെ | | 10,987.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,44,200.00 | ശ്രീ. സിസിലി.എം<br>ICDS സൂപ്രവൈസർ |
| 1-24 | 66,573.00 | ശ്രീ.ഗ്രീഷ്മ. എസ്<br>അസി.എഞ്ചിനിയർ |
| 1-25 | 1,04,189.00 | ശ്രീ. ജോർജ്ജ്. കെ.ഇ<br>അസി.എഞ്ചിനിയർ |
| 1-26 | 8,52,507.00 | ശ്രീ. ജോർജ്ജ്. കെ.ഇ<br>അസി.എഞ്ചിനിയർ |
| 1-27 | 86,434.00 | ശ്രീ. ശ്രീനാഥ് ബി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-32 | 19,17,500.00 | ശ്രീ.ലതിക. എം.ബി<br>സെക്രട്ടറി, തരിയോട് ഗ്രാമപഞ്ചായത്ത് |
| ആകെ | 31,71,403.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ലതിക. എം.ബി | സെക്രട്ടറി,<br>തരിയോട് ഗ്രാമപഞ്ചായത്ത് | മലക്കോട്ടൂർ,<br>പള്ളികുന്ന്. പി.ഒ.<br>വയനാട്. |
| ശ്രീ.സിസിലി. എം.എം | വിരമിച്ചു | കൊട്ടാലികരോട്ട്<br>അരമ്പറ്റ കുന്ന്. പി.ഒ.<br>കാവുമന്ദം. |
| ശ്രീ.ഗ്രീഷ്മ. എസ് | അസി.എഞ്ചിനിയർ<br>ടി.ഇ.ഒ. കാപ്പിസൈറ്റ് | കല്ലുമാല റാട്ടക്കൊല്ലി.<br>കൊട്ടനാട്. പി.ഒ.<br>മേപ്പാടി. |
| ശ്രീ. ജോർജ്ജ്. കെ.ഇ | അസി.എഞ്ചിനിയർ<br>തരിയോട് ഗ്രാമപഞ്ചായത്ത് | കോട്ടകുന്നേൽ, ജലനിധി റോഡ്,<br>തോണിച്ചാൽ, നല്ലൂർനാട് |
| ശ്രീ. ശ്രീനാഥ് ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | കളഭം, പേരാമ്പ്ര പി.ഒ., കോഴിക്കോട് |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി പി1 - 750/2022(2) തീ. 15.9.22 | 16 |
| 1998-99,plan | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി പി1 - 750/2022(3) തീ. 15.9.22 | 5 |

| | | |
|---|---|---|
| 1999-00 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(4) തീ. 15.9.22 | 3 |
| 2005-06 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(9) തീ. 15.9.22 | 3 |
| 2006-07 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(10) തീ. 15.9.22 | 10 |
| 2007-08 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(11) തീ. 15.9.22 | 11 |
| 2008-09 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(12) തീ. 15.9.22 | 11 |
| 2009-10 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(13) തീ. 15.9.22 | 17 |
| 2010-11 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(14) തീ. 15.9.22 | 9 |
| 2011-12 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(15) തീ. 15.9.22 | 8 |
| 2012-13 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(16) തീ. 15.9.22 | 9 |
| 2013-14, 2014-15 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(17) തീ. 15.9.22 | 11 |
| 2015-16 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(18) തീ. 15.9.22 | 6 |
| 2016-17 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(19) തീ. 15.9.22 | 10 |
| 2017-18 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(20) തീ. 15.9.22 | 12 |
| 2018 - 19 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 750/2022(21) തീ. 15.9.22 | 10 |
| 2019-20 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 344/2021 തീ. 07.04.2022 | 12 |
| 2020-21 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 608/22 തീ. 25.07.2022 | 33 |
| 2021-22 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി പി1 - 109/23 തീ. 25.03.2023 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thariode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thariode Grama Panchayat for the year 2022-2023

Date: 17/10/2023

Deputy Director
District Office Wayanad
Kerala State Audit Department

## Audit Report appended to the Audit Certificate of Thariode Grama Panchayat for the Year 2022-2023.

**1.Major Observations**

Asset register not completed

**2.Other Observations**

1.Cash flow statement âÂÂ Net increase/decrease in cash flow does not match with the difference between the opening balance and the closing balance of cash and cash equivalents.

2)The following mandatory financial statements prescribed in accounting rules are not submitted for audit
B1 Schedule

3)Notes to accounts not submitted with AFS

4)Cheque deposited but not credited

5)Journal Vouchers

1) Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period Items

2)Lapse in making timely and accurate demand entries in respect of tax and non tax revenue

6)Bank reconciliation statement

1) Monthly bank reconciliation statement not prepared

2)Cash Directly debited by bank âÂÂ Further action not taken

7) Demand ,Collection and Balance register

1) Demand register does not match with Financial statement âÂÂ Property Tax, Profession Tax - Employees

2)The demand registers are not periodically reconciled with accounts

3)Demand , Collection and Balance register of Profession Tax Traders, Institutions not maintained

8)The following registers are not maintained/does not match with accounts / not reliable for audit

Stock , Advance Received Register(liability ) , Loan , Advance/loan(asset )

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# Abstract of Annual Financial Statments

## Thariode Grama Panchayat
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 13186179.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11111.00 |
| 312000000 | Reserves | B-3 | 50222883.00 |
| | **Total Reserve & Surplus** | | **63420173.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16706794.00 |
| | **Total Grants, Contributions for Specific Purposes** | | **16706794.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 702853.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **702853.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 873474.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2257159.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3130633.00** |
| | **TOTAL LIABILITIES** | | **83960453.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 601143.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 916804.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17106405.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 58742059.00 |
| 416000000 | Accumulated Depreciation | B-11(a) | -25167897.00 |
| | **Total Fixed Assets** | | **52198514.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by LATHIK
Date: 2023.06.27 16:12:47
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2878225.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 702853.00 |
| 450000000 | Cash and Bank Balance | B-17 | 26639313.00 |
| 460000000 | Loans, Advances and Deposits | B-18 | 1541548.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **31761939.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **83960453.00** |

# Thariode Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6675188.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 271165.00 |
| 140000000 | Fee & User Charges | I-4 | 1693537.00 |
| 150000000 | Sale & Hire Charges | I-5 | 31600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 103941223.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 438684.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | 24868.00 |
| | **Total Income** | | **113051397.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11245365.00 |
| 220000000 | Administrative Expenses | I-11 | 948863.00 |
| 230000000 | Operations & Maintenance | I-12 | 1680076.00 |
| 240000000 | Interest & Finance Charges | I-13 | 60600.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4616533.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23573615.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5166500.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 39157000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 16876400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1722358.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by LATHIK
Date: 2023.06.27 16:13:08
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 2496678.00 |
| | **Total Expenditure** | | **107543988.00** |
| | **Gross Surplus / Deficit of income over Expenditure** | | **5507409.00** |
| | **Gross Surplus / Deficit of income over Expenditure** | | **5532277.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **24868.00** |

# Thariode Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 22281098.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 944790.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3400.00 |
| 140000000 | Fees & User Charges | RP-4 | 1491387.00 |
| 150000000 | Sale & Hire Charges | RP-5 | 31600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8459861.00 |
| 171000000 | Interest Earned | RP-9 | 438684.00 |
| 190000000 | Prior Period Income | RP-11 | 11206.00 |
| 220000000 | Administrative Expenses | RP-13 | 12393.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20676341.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8316025.00 |
| 460000000 | Loans, Advances and Deposits | RP-49 | 20000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 11429.00 |
| 350000000 | Other Liabilities | RP-35 | 643183.00 |
| | **Grand total** | | **63341397.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 29760.00 |
| 230000000 | Operations & Maintenance | RP-14 | 130000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 20000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1706224.00 |
| 341000000 | Deposit Works | RP-34 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 2878225.00 |
| 460000000 | Loans, Advances and Deposits | RP-49 | 100000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 159512.00 |
| 350000000 | Other Liabilities | RP-35 | 31678363.00 |



Digitally signed by LATHIK
Date: 2023.06.27 16:11:35
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| | **Closing Balance** | | |
| Bank | Bank | RP-40(b) | 26639313.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **63341397.00** |



Deputy Director
District Audit Office Wayanad
Kerala State Audit Department